FOR PRIVATE CIRCULATION

# SFC News

ശാരോൻ
ഫെലോഷിപ്പ്
ചർച്ചിന്റെ
ഔദ്യോഗിക
പ്രസിദ്ധീകരണം

VOL. 3 | ISSUE 8 | 2018 JANUARY - FEBRUARY




ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷനിൽ
പാസ്റ്റർ ബെനിസൺ മത്തായി മുഖ്യ പ്രഭാഷണം നടത്തുന്നു.
പാസ്റ്റർ എം.ഡി. സാമുവേൽ ഹിന്ദിയിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നു.

SFC News

**EDITORIAL BOARD:**
Dr. T.P. Abraham
Pr. K.T. Thomas,
Pr. V.J. Thomaskutty,
Pr. Roy Cherian,
Pr. Abraham Mannamaruthi (Editor)

സഭാ വാർത്തകൾ എല്ലാ മാസവും
5–ാം തീയതിക്കുമുമ്പ്
ഓഫീസിൽ എത്തിക്കേണ്ടതാണ്

ലേഖനങ്ങൾ, അഭിപ്രായങ്ങൾ,
വാർത്തകൾ തുടങ്ങിയവ
അയയ്ക്കേണ്ട വിലാസം

**SFC News,** Sharon Fellowship Church,
P.B. No. 10, Thiruvalla 689 101,
Kerala, India
Email: sfcnewstvla@gmail.com
Ph: 0469-2607979

ജാതി–മത ഭേദമന്യെ സമൂഹത്തിലെ ഏറ്റവും
നിർദ്ധനവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഉന്നമനത്തിനായി...






ശാരോൻ ചിൽഡ്രൻസ് ഹോം
(ഡഗ്ലസ് മെമ്മോറിയൽ)

കിളിയന്തറ, വള്ളിത്തോട് പി.ഒ., കണ്ണൂർ 670 700
ഫോൺ: 0490 2421745

പ്രസിഡന്റിന്റെ സന്ദേശം

# സംവത്സരത്തെ നന്മകൊണ്ട് അനുഗ്രഹിക്കുന്ന ദൈവം

**ദൈവം 2017–ൽ ദാനമായി നൽകിയ എല്ലാ അനുഗ്രഹങ്ങളും ഉള്ളപ്പോൾ തന്നെ അതിൽ മാത്രം തൃപ്തരായിരിക്കാൻ കഴികയില്ല. കർത്താവിനായി നമുക്കു ധാരാളം പ്രവർത്തിക്കാനുണ്ട്. പല സഭകളും നമ്മുടെ കൂട്ടായ്മയോടു ചേരുവാൻ താൽപര്യപ്പെടുന്നു. അതിലൂടെ നമ്മുടെ പ്രവർത്തനങ്ങളെ പുതിയ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുവാൻ കഴിയും.**



റവ. ജോൺ തോമസ്

**നീ** സംവത്സരത്തെ നിന്റെ നന്മകൊണ്ട് അനുഗ്രഹിക്കുന്നു. നിന്റെ പാതകൾ പുഷ്ടി പൊഴിക്കുന്നു (സങ്കീർത്തനം 65:11)

ശാരോൻ ഫെലോഷിപ്പ് ചർച്ചിനു നിങ്ങൾ നൽകിവരുന്ന എല്ലാ സഹായസഹകരണങ്ങൾക്കും നന്ദി. 2017 ആന്തരീകവും ബാഹ്യവുമായി നേരിട്ട വെല്ലുവിളികളുടെ നടുവിലും സഭയ്ക്ക് വളർച്ചയുടെ വർഷമായിരുന്നു. ദൈവകൃപയാൽ ധാരാളം സ്നാനശുശ്രൂഷകൾ, സുവിശേഷീകരണപ്രവർത്തനങ്ങൾ, പൊതു കൂട്ടായ്മകൾ എന്നിവ നടത്തുവാൻ സാധിച്ചു. ഒരു സഭയെന്ന നിലയിൽ, വിശ്വാസികളെ യേശുവിന്റെ സ്നേഹത്തിൽ നിലനിർത്താൻ സഹായിക്കുന്നതിനു കഴിഞ്ഞു. നമ്മുടെ വാർഷിക ജനറൽ കൺവൻഷനെ ദൈവം അനുഗ്രഹിച്ചു. യോഗങ്ങളിൽ ഉടനീളം ദൈവസാന്നിദ്ധ്യം അനുഭവവേദ്യമാകുവാൻ ഇടയായി.

സഭയുടെ വ്യത്യസ്ത ശുശ്രൂഷകളായ വിവിധ ക്യാംപുകൾ, വനിതാസമാജം, സൺഡേസ്കൂൾ അസോസിയേഷന്റെ പ്രവർത്തനങ്ങൾ, സി.ഇ.എം പ്രവർത്തനങ്ങൾ, റീജിയൻ കൺവൻഷനുകൾ, പാസ്റ്റേഴ്സ് സമ്മേളനങ്ങൾ തുടങ്ങിയവയിലൂടെ അനേകർക്ക് ആത്മീയ, ഭൗതിക അനുഗ്രഹങ്ങളും സഹായങ്ങളും നൽകുവാൻ കഴിഞ്ഞു. സഭയുടെ ചരിത്രത്തിൽ ഒരു പുതിയ സംരംഭമായി ശാരോൻ സഭയിലെ എഴുത്തുകാരുടെ കൂട്ടായ്മയായി ശാരോൻ റൈറ്റേഴ്സ് ഫോറം രൂപീകരിക്കപ്പെട്ടു.

നിരവധി യുവതീയുവാക്കൾ തങ്ങളെത്തന്നെ കർത്താവിനായി സമർപ്പിച്ച അനുഗ്രഹീതമായ സി.ഇ.എം. ക്യാപും നടത്തപ്പെട്ടു. അനേകർ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും ദൈവശക്തി അനുഭവിക്കുകയും ചെയ്തു. ഈ ശക്തിയോടെ നമുക്ക് 2018 ൽ മുന്നേറാം.

ദൈവം 2017–ൽ ദാനമായി നൽകിയ എല്ലാ അനുഗ്രഹങ്ങളും ഉള്ളപ്പോൾ തന്നെ അതിൽ മാത്രം തൃപ്തരായിരിക്കാൻ കഴികയില്ല. കർത്താവിനായി നമുക്കു ധാരാളം പ്രവർത്തിക്കാനുണ്ട്. പല സഭകളും നമ്മുടെ കൂട്ടായ്മയോടു ചേരുവാൻ താൽപര്യപ്പെടുന്നു. അതിലൂടെ നമ്മുടെ പ്രവർത്തനങ്ങളെ പുതിയ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുവാൻ കഴിയും. മതമൗലികവാദികളിൽനിന്നും നമ്മൾ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികളും എതിർപ്പും നേരിട്ടുകൊണ്ടിരിക്കുന്നു. ഇവ നമ്മുടെ ദൗത്യത്തിൽ നിന്നു നമ്മെ പിന്തിരിപ്പിക്കരുത്. വ്യക്തിസഹജമായ വ്യത്യസ്ത അഭിപ്രായങ്ങളെ ഉൾക്കൊള്ളാൻ നമുക്കു കഴിയണം.

സഭയുടെ അഭിവൃദ്ധിക്കും മുന്നേറ്റത്തിനും അനുകൂലമല്ലാത്തവർ നിഷ്ക്രിയരും സ്വതന്ത്രരും ആയി തുടരുവാൻ ന്യായങ്ങൾ കണ്ടെത്തുന്നു. ശലോമോനു നൽകിയതുപോലെ വിവേചനമുള്ള ഒരു ഹൃദയം നൽകുവാൻ നമ്മൾ പ്രാർഥിക്കുന്നു (1 രാജാ. 3).

നമ്മുടെ സഭാകൗൺസിൽ അംഗങ്ങൾക്കായി പ്രത്യേകം പ്രാർഥിക്കാം. അവർ ആത്മാർത്ഥമായി രാപകലില്ലാതെ അധ്വാനിക്കുന്നു. നമ്മൾ തിരിച്ചറിയുന്നില്ലെങ്കിലും അവരുടെ കുടുംബാംഗങ്ങളും വളരെ ത്യാഗങ്ങൾ ചെയ്യുന്നുണ്ട്. അവരുടെ കഠിനാധ്വാനത്തെ നാം അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യണം. നമ്മുടെ ശുശ്രൂഷകന്മാരെ ഓർത്തു നമുക്കു ദൈവത്തെ മഹത്വപ്പെടുത്താം. അവർ കഠിനാധ്വാനികളും ഊർജ്ജസ്വലരുമാണ്. തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുന്നതിനുള്ള അവരുടെ അധ്വാനത്തെ കർത്താവു കാണുന്നുണ്ട്.

അനേക ദൈവമക്കൾ തങ്ങളുടെ സമയം, താലന്തുകൾ, നന്മകൾ എന്നിവ സഭയുടെ പുരോഗതിക്കായി സന്തോഷത്തോടെ നൽകുന്നു എന്നു ഞാൻ മനസിലാക്കുന്നു. ഹൃദയംഗമായ നന്ദി എല്ലാവർക്കും ഇത്തരുണത്തിൽ ഞാൻ അറിയിക്കുന്നു. ഒരിക്കൽക്കൂടി, ശാരോൻ ഫെലോഷിപ്പ് ചർച്ചിനോടു ചേർന്നുനിന്ന് ദൈവവേലയ്ക്കായി നിങ്ങൾ നൽകുന്ന എല്ലാ അമൂല്യ സംഭാവനകൾക്കും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു. 2018 ൽ കർത്താവ് നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സഭയെയും തന്റെ കൃപയാലും സംരക്ഷണത്താലും മറയ്ക്കട്ടെ എന്നു പ്രാർഥിക്കുന്നു.

# ട്രഷററുടെ കത്ത്



**ക**ർത്താവിൽ സ്നേഹമേറിയ സഹോദരീസഹോദരന്മാർക്ക് സ്നേഹവന്ദനം! ദൈവകൃപയാൽ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നുവരുന്നു. നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനയും അകമഴിഞ്ഞ സഹായസഹകരണങ്ങളും ഇതിനു പിന്നിലുണ്ടെന്നത് ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. തുടർന്നും വിലയേറിയ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ഒരു പ്രത്യേക കാര്യം നിങ്ങളുടെ അറിവിനും പ്രവർത്തനത്തിനുമായി ഇവിടെ കുറിക്കുന്നതിൽ സന്തോഷമുണ്ട്. അതായത്, അനേക വർഷങ്ങളായി നമ്മുടെ ഇടയിൽനിന്ന് അപ്രത്യക്ഷമായ ഒന്നാണ് പിടിയരി ശേഖരണം. ഇത് വീണ്ടും പ്രവർത്തിപഥത്തിൽ കൊണ്ടുവരികയും അതുവഴി വടക്കേ ഇന്ത്യയിലെ നമ്മുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിനെക്കുറിച്ച് ഞങ്ങൾ ആലോചിക്കുകയുണ്ടായി. ഇത് നടപ്പിലാക്കുന്നത് വളരെ ലളിതമാണെന്നും ഞങ്ങൾ തിരിച്ചറിഞ്ഞു.

എല്ലാ ആഴ്ചയിലും സഹോദരിമാർ പിടിയരി നിർബന്ധമായും മാറ്റിവെയ്ക്കുക. അതാത് ആഴ്ചയുടെ അവസാന ദിവസം അത് അളന്ന് അതിന് ഒരു നിശ്ചിത വിലവെച്ച് നമ്മുടെ ഭവനങ്ങളിലേക്ക് തന്നെ എടുക്കണം. അരകിലോ അരിയെങ്കിലും ഒരാഴ്ച അങ്ങനെ ഉണ്ടാകും. അതിന് അഞ്ചു രൂപയോ അതിൽ കൂടുതലോ വില നിശ്ചയിക്കാം. ആ തുക അതാതു ലോക്കൽ സഭകളിൽ ഇതിനായി മാത്രം വെച്ചിരിക്കുന്ന മിഷൻ ഫണ്ട് ബോക്സിൽ നിക്ഷേപിക്കുക. ഇപ്രകാരം ചെയ്താൽ ഒരു സഹോദരിക്ക് നാല് ആഴ്ചകൾകൊണ്ട് 5×4=20 രൂപ ഒരു മാസം ബോക്സിൽ നിക്ഷേപിക്കാൻ കഴിയും. ശരാശരി പത്ത് സഹോദരിമാരുണ്ടെങ്കിൽ ആ സഭയിൽനിന്ന് ഒരു മാസം 10×20200 രൂപ ലഭിക്കും. ഒരു വർഷം ആകുമ്പോൾ 200×12=2400 രൂപയായി അത് വർദ്ധിക്കും. അങ്ങനെ 1000 സഭകൾ ഇക്കാര്യത്തിൽ സഹകരിച്ചാൽ 2400×1000 = 24 ലക്ഷം രൂപ നമുക്ക് വടക്കേ ഇന്ത്യയിലെ പ്രവർത്തനങ്ങൾക്ക് മിഷൻ ഫണ്ട് ഇനത്തിൽ ലഭിക്കും.

നമ്മിൽ പലർക്കും വടക്കേ ഇന്ത്യയിലേക്ക് പ്രവർത്തനങ്ങൾക്കായി പോകുക അത്ര എളുപ്പം ആയിരിക്കുകയില്ല. എന്നാൽ അതിനായി സമർപ്പിക്കപ്പെട്ട് അവിടെ അധ്വാനിക്കുന്ന ദൈവദാസന്മാരെ സഹായിക്കാൻ നമുക്കെല്ലാവർക്കും കഴിയും. മുകളിൽ പറഞ്ഞ രീതിയിൽ തുക ശേഖരിക്കുന്നത് വളരെ ലളിതമായ ഒരു രീതിയാണ്. ഞാൻ ഉൾപ്പെട്ടു നിൽക്കുന്ന തോട്ടഭാഗം ബഥേൽ ശാരോൻ സഭയിൽ (തിരുവല്ല സെന്റർ) ഇതിന് ആരംഭം കുറിച്ചുകഴിഞ്ഞു. ഈ മാതൃക നമ്മുടെ എല്ലാ ലോക്കൽ സഭകളും ഏറ്റെടുക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ നിങ്ങളെല്ലാവരും ഉത്സാഹിക്കുകയും പങ്കാളികൾ ആകുകയും ചെയ്യുമല്ലോ. എല്ലാ വർഷവും ഡിസംബർ മാസത്തിൽ ഈ പണം തിരുവല്ലാ ശാരോനിൽ എത്തിക്കുന്നതിനും കഴിയും.

ദൈവമായ കർത്താവ് നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ
എന്ന് ക്രിസ്തുവിൽ

**ബ്രദർ എം.കെ. കുര്യൻ**
(ജനറൽ ട്രഷറാർ)



# രൂപാന്തരം : മനസിൽ നിന്നും ശരീരത്തിലേയ്ക്ക്



**പാസ്റ്റർ അനീഷ് കൊല്ലംകോട്**

**രൂ**പാന്തരം എന്ന് കേൾക്കുമ്പോൾ ക്രിസ്തീയ വിശ്വാസികളുടെ മനസ്സിൽ ഓടിയെത്തുന്നത് മറുരൂപമലയിലെ യേശുക്രിസ്തുവിന്റെ രൂപാന്തരമാണ്. ഭൂമിയിലെ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാതവണ്ണം അവന്റെ വസ്ത്രം വെണ്മയുള്ളതായിരുന്നു എന്നാണ് എഴുത്തുകാരൻ വിശദീകരിക്കുന്നത്. എന്നാൽ ഈ പ്രത്യേക സന്ദർഭത്തിൽ മരണം മനുഷ്യന്റെ അവസാനമല്ലെന്നും മരണശേഷവും അവന്റെ വ്യക്തിത്വം നിലനിൽക്കുന്നുവെന്നും തന്റെ ശിഷ്യന്മാർക്ക് പുനരുത്ഥാനത്തിൽ ലഭിക്കാൻ പോകുന്ന ശരീരം ഇതല്ലാതെ മറ്റൊന്നല്ലെന്നുമുള്ള അവബോധം നൽകുകയായിരുന്നു തന്റെ രൂപാന്തരത്തിന്റെ ഉദ്ദേശ്യം.

മാത്രമല്ല, കാലങ്ങൾക്ക് മുമ്പ് മൺമറഞ്ഞുപോയ പഴയനിയമത്തിന്റെ പ്രതിനിധികളായ മോശെയെയും ഏലിയാവിനെയും ഒപ്പം നിർത്തിക്കൊണ്ട് മനുഷ്യന്റെ വ്യക്തിത്വം ഒരുനാളും നശിക്കുന്നില്ലെന്നും തിരിച്ചറിയപ്പെടാനാവും വിധം മനുഷ്യൻ എന്നെന്നേക്കും ജീവിക്കുന്നുവെന്നുമുള്ള യാഥാർത്ഥ്യം കർത്താവ് ശിഷ്യന്മാരെ ഗ്രഹിപ്പിക്കുന്നു. മരണാനന്തരമോ, അല്ലെങ്കിൽ കർത്താവിന്റെ രണ്ടാം വരവോടുകൂടിയോ തന്റെ ഭക്തന്മാർക്ക് ദൈവം നൽകുന്ന പദവിയാണ് തേജസ്സിനാലലംകൃതമായ ശാരീരിക രൂപാന്തരം. എന്നാൽ പുനരുത്ഥാന ശരീരത്തിലേക്ക് അഥവാ ശാരീരിക രൂപാന്തരത്തിലേക്ക് മനുഷ്യൻ എത്തപ്പെടണമെങ്കിൽ ആദ്യം മനുഷ്യനിൽ തന്നെ സ്വതവെ ഒരു രൂപാന്തരം ഉണ്ടാകേണ്ടിയിരിക്കുന്നു. അതാണ് മനസ്സിൽ നിന്ന് ഉണ്ടാകേണ്ട രൂപാന്തരം അഥവാ മാനസാന്തരം.

**മനസ്സും ബുദ്ധിയും**

മനസ്സിന് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന ന്യൂസ് എന്ന പ്രയോഗത്തിന് ബുദ്ധി എന്നും അർത്ഥമുണ്ട്. മനസ്സുപുതുക്കി രൂപാന്തരപ്പെടുക എന്നുപറയുന്ന പൗലോസ് അതിന് തൊട്ടുമുമ്പ് ബുദ്ധിയുള്ള ആരാധന എന്ന പ്രയോഗം ഉപയോഗിക്കുന്നുമുണ്ട്. മനസ്സും ബുദ്ധിയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുതാനും. രൂപാന്തരത്തിന് മാറ്റം എന്ന് ലളിതമായ അർത്ഥം കൊടുക്കാമെങ്കിലും
മനസ്സുപുതുക്കി രൂപാന്തരപ്പെടുക എന്ന ഉപദേശത്തിലൂടെ കേവലം ഒരു നിലപാടുമാറ്റം എന്നതിനേക്കാൾ വ്യക്തിത്വത്തിലുണ്ടാകേണ്ടുന്ന സമൂലമായ പരിവർത്തനമാണ് പൗലോസ് ലക്ഷ്യമാക്കുന്നത്. വ്യക്തികളെ നിയന്ത്രിക്കുന്നത് അവരിൽ സ്ഥാപിതമായിരിക്കുന്ന ആശയങ്ങളാണ്. ചിന്താഗതികൾക്കുണ്ടാകുന്ന അടിസ്ഥാനപരമായ മാറ്റത്തെയാണ് മാനസാന്തരം എന്ന് പറയുന്നത്. അതായത് മനസ്സിനെ മാറ്റങ്ങൾക്ക് വിധേയമാക്കി ക്രിസ്തുവിന്റെ മനസ്സിനോട് താദാത്മ്യപ്പെടുത്തിക്കൊണ്ടുള്ള ജീവിതശൈലിയിലേക്ക് മാറുക എന്നർത്ഥം.

**മനസ്സും മാനസാന്തരവും**

അപ്പൊസ്തലനായ പൗലോസ് റോമർക്കെഴുതിയ ലേഖനത്തിൽ മനസ്സുപുതുക്കി രൂപാന്തരപ്പെടുക എന്ന് പ്രബോധിപ്പിക്കുന്നത് ശ്രദ്ധേയമാണ്. തത്വത്തിൽ മാനസാന്തരപ്പെടുക എന്ന് തന്നെയാണ് അർത്ഥം. മനസ്സിന്റെ രൂപാന്തരം മനുഷ്യന്റെ ഭാഗത്തുനിന്നുണ്ടാകുന്നതും ശരീരത്തിന്റെ ഭാവിരൂപാന്തരം ദൈവഭാഗത്തുനിന്നുണ്ടാകുന്ന പ്രതികരണവുമാണ്. ദൈവത്തോടുള്ള ശുദ്ധമനഃസാക്ഷി കാത്തുസൂക്ഷിക്കുക എന്നതാണ് മനസ്സിന്റെ ഉത്തരവാദിത്വം. ശുദ്ധമനഃസാക്ഷി സൂക്ഷിക്കാൻ മനസ്സ് പരാജയപ്പെടുന്നിടത്താണ് ശരീരം പിശാചിന്റെ ഉപകരണമായി മാറുന്നത്. മനസ്സിന്റെ ചാഞ്ചാട്ടമാണ് വ്യക്തിത്വവൈകല്യങ്ങളുടെയും പാപപ്രവൃത്തികളുടെയും മൂലകാരണം. ശരീരത്തെ ദൈവഹിതപ്രകാരം വരുതിക്കു നിർത്താൻ മാനസീക രൂപാന്തരം അവശ്യമായി വരുന്നത് അതുകൊണ്ടാണ്. മനുഷ്യനിൽ രക്ഷാപ്രക്രിയ ആരംഭിക്കുന്നത് വിശ്വാസത്താലാണെങ്കിലും അതിൽ തന്നെ ഔദ്യോഗികമായ ആദ്യപടിയായി മാനസാന്തരം – മനസ്സിന്റെ നിയന്ത്രണം ദൈവം പ്രമാണമാക്കിയ തിന്റെ കാരണം, മനുഷ്യന്റെ ഭാഗത്തുനിന്നുള്ള കേവലം വിശ്വാസ പ്രഖ്യാപനം മാത്രമല്ല, മറിച്ച് അതിനനുസൃതമായി പ്രവർത്തിക്കാൻ ശരീരത്തെ സജ്ജമാക്കുന്ന മനസ്സിന്റെ ഉറച്ച തീരുമാനവും ദൈവം പ്രതീക്ഷിക്കുന്നു എന്നതിനാലാണ്. മാനസാന്തര പ്രക്രിയയിൽ ഒരു വ്യക്തിയിൽ ആദ്യം സംഭവിക്കുന്നത് അവനായിരിക്കുന്ന അവസ്ഥയെപ്പറ്റിയുള്ള ബോധ്യമാണ്. ആ ബോധ്യത്തിൽ നിന്നുണ്ടാകുന്ന അനുതാപവും അതിനെ തുടർന്ന് ദൈവഹിതപ്രകാരം പൂർണ്ണമായ മാറ്റം ആഗ്രഹി

ച്ചു കൊണ്ടുള്ള തീരുമാനത്തിലുമാണ് മാനസാന്തരം പൂർണ്ണമാകുന്നത്.

ആദ്യമനുഷ്യരായ ആദാമും ഹവ്വയും ശരീരം കൊണ്ടാണ് പാപം ചെയ്തതെങ്കിലും അതിലേക്ക് അവരെ നയിച്ചത് അവരുടെ അച്ചടക്കമില്ലാത്ത മനസ്സായിരുന്നു. ദൈവത്തിൽ കേന്ദ്രീകൃതമായിരുന്ന മനസ്സ് പിശാചിന്റെ പ്രലോഭനത്താൽ ദൈവത്തിൽ നിന്ന് അകന്നതാണ് പാപത്തിലേക്ക് വീഴാൻ കാരണമായത്. അതേസമയം രക്ഷാപ്രക്രിയയിൽ അതിന്റെ ആദ്യപടിയായി മാനസാന്തരത്തെ ദൈവം മാനദണ്ഡമാക്കുമ്പോൾ ദൈവോന്മുഖമായ ജീവിതത്തിനും അതിന്നനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കും മനസ്സിന്റെ പ്രാധാന്യം എത്രയാണെന്ന് മനുഷ്യരെ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്.

**യേശുക്രിസ്തുവിന്റെ മനസ്സ്**

മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പിതാവിൽ മനസ്സ് കേന്ദ്രീകരിച്ചിരുന്ന യേശുക്രിസ്തുവിനോട് അനുരൂപപ്പെടുക എന്ന് അർത്ഥം. പിതാവിന്റെ മനസ്സിലൂടെ ലോകത്തെയും ലോകത്തിലുള്ളതിനെയും വീക്ഷിക്കുവാൻ യേശുവിന് കഴിഞ്ഞു. ആദാം പ്രലോഭിപ്പിക്കപ്പെട്ടതിനെക്കാൾ ഭയങ്കരവും ക്രൂരവുമായ നിലയിൽ യേശു പ്രലോഭിപ്പിക്കപ്പെട്ടു. പക്ഷേ തന്റെ മനസ്സ് പിതാവിൽ കേന്ദ്രീകൃതമായിരുന്നതിനാൽ ആദാമിനെ വെല്ലുവിളിക്കുവാനും പിശാചിനെ പരാജയപ്പെടുത്തുവാനും യേശുവിന് നിഷ്പ്രയാസം സാധിച്ചു. അതുകൊണ്ടാണ് ക്രിസ്തുവിന്റെ മനസ്സുള്ളവരാകുക എന്ന് പൗലോസ് ഉപദേശിക്കുന്നത്. ക്രിസ്തുവിന്റെ മനസ്സുള്ളവരാകുന്നതിലൂടെ മാത്രമേ പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാനും പിശാചിനെ പരാജയപ്പെടുത്തുവാനും സാധിക്കുകയുള്ളുവെന്ന് യേശുവിന്റെ ഐഹിക ജീവിതകാലം സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ സ്വഭാവത്തിൽ നിന്ന് ക്രിസ്തുവിന്റെ ഭാവത്തിലേക്കുള്ള വളർച്ച – ക്രിസ്തു ക്ഷമിച്ചതുപോലെ ക്ഷമിക്കാനുള്ള മനസ്സ്, സഹിക്കാനുള്ള മനസ്സ്, സ്നേഹിക്കാനുള്ള മനസ്സ്, താഴ്മ ധരിക്കാനുള്ള മനസ്സ്, പങ്കിടാനുള്ള മനസ്സ്, അനീതിക്കെതിരെ ചാട്ടവാറെടുക്കുന്ന മനസ്സ് – ഒറ്റവാക്കിൽ പറഞ്ഞാൽ എല്ലാനിലയിലും ക്രിസ്തുവിന്റെ മനസ്സുള്ളവരാകുകയെന്നർത്ഥം. തത്വത്തിൽ ക്രിസ്തു എന്ന തലയോളമുള്ള വളർച്ചയിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. തലയോളം വളരണമെങ്കിൽ ക്രിസ്തു ചിന്തിച്ചതുപോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുന്ന ക്രിസ്തുകേന്ദ്രീകൃതമായ ഉറച്ച മനസ്സുണ്ടാകണം.

> മാനസാന്തര പ്രക്രിയയിൽ ഒരു വ്യക്തിയിൽ ആദ്യം സംഭവിക്കുന്നത് അവനായിരിക്കുന്ന അവസ്ഥയെപ്പറ്റിയുള്ള ബോധ്യമാണ്. ആ ബോധ്യത്തിൽ നിന്നുണ്ടാകുന്ന അനുതാപവും അതിനെ തുടർന്ന് ദൈവഹിതപ്രകാരം പൂർണ്ണമായ മാറ്റം ആഗ്രഹിച്ചു കൊണ്ടുള്ള തീരുമാനത്തിലുമാണ് മാനസാന്തരം പൂർണ്ണമാകുന്നത്.

**ദൈവകൃപയും മാനസാന്തരവും**

പലപ്പോഴും അറിഞ്ഞോ അറിയാതെയോ നാം ദൈവത്തിന്റെ കൃപയെ തെറ്റിദ്ധരിക്കുന്നുണ്ട്. ചെയ്യേണ്ടത് ചെയ്തില്ലെങ്കിലും യോഗ്യതയില്ലെങ്കിലും പാപത്തിൽ തുടർന്നാലും ഉപദേശം അനുസരിച്ചില്ലെങ്കിലും രക്ഷിക്കപ്പെട്ടവരുടെമേൽ കൃപ വ്യാപരിക്കുമെന്നുള്ള പഠിപ്പിക്കൽ നാം പുനഃർ വിചിന്തനത്തിന് വിധേയമാക്കണം. ബൈബിൾ വെളിപ്പെടുത്തുന്ന കൃപ ഒരിക്കലും പാപം ചെയ്യാനുള്ള ലൈസൻസോ നന്മ ചെയ്യാതിരിക്കാനുള്ള പ്രോത്സാഹനമോ ആണെന്ന് ചിന്തിക്കരുത്. ദൈവത്തിന്റെ കൃപയെ ശരിയായി വിശകലനം ചെയ്ത് മനസ്സിലാക്കുകയാണ് വേണ്ടത്. ബലഹീനാവസ്ഥയിൽ നമ്മിൽ പകരപ്പെടുന്ന ശക്തി ദൈവകൃപയുടെ ഒരു പ്രദർശനമാണ്. അതായത്, നമ്മുടെ ബലം അസ്ഥാനത്താകുമ്പോൾ ദൈവത്തിന്റെ ബലം നമ്മിൽ പകരപ്പെടുന്നു. ആ ബലം നമ്മെ പ്രവർത്തിപ്പിക്കാതിരിക്കുകയല്ല മറിച്ച്, പഴയതിനെക്കാളും പലമടങ്ങ് ശക്തിയോടെ പ്രവർത്തിക്കാനുള്ള ബലമാണത്. ദൈവകൃപ നമ്മെ പ്രവർത്തനനിരതരാക്കുകയാണ്. നമ്മുടെ ബലം നഷ്ടപ്പെടുന്നിടത്ത് ദൈവത്തിന്റെ ബലം പകർന്ന് നമ്മെ കൂടുതൽ കർമ്മോത്സുകരാക്കുകയാണ് കൃപയുടെ ദൗത്യം. പാപം ചെയ്യുമ്പോൾ കൃപ പെരുകുന്നത് പാപം മൂലം നഷ്ടപ്പെട്ട ദൈവീക ബന്ധത്തിലേക്ക് നമ്മെ മടക്കിക്കൊണ്ടുവരാനാണ്. അല്ലാതെ കൃപയുടെ മറവിൽ വീണ്ടും വീണ്ടും പാപത്തിൽ തുടരാനല്ല.

**മനസ്സും പ്രവൃത്തിയും**

സ്വയം ചെയ്യേണ്ടതു ചെയ്യാതെ എല്ലാം ദൈവം ചെയ്യുമെന്ന് പറഞ്ഞ് ദൈവകൃപയെ തെറ്റി ദ്ധരിപ്പിക്കുന്നവർ വർദ്ധിച്ചുവരികയാണിന്ന്. ദൈവം എപ്പോഴും തന്റെ പ്രവൃത്തികൾക്ക് മനുഷ്യരെ കൂട്ടാളികളാക്കുന്നു. എന്നാൽ തീരുമാനമുണ്ടാകേണ്ടത് നമ്മുടെ മനസ്സിൽ നിന്നാണ്. മനസ്സിന്റെ തീരുമാനത്തിൽ ദൈവം ഒരിക്കലും കൈകടത്തുന്നില്ല. മനസ്സിൽ നിന്ന് ആത്മാർത്ഥമായി ഉളവാകാത്ത പ്രസ്താവനകളും പ്രഖ്യാപനങ്ങളും വെറും കാപട്യമാണെന്ന് കർത്താവ് തെളിയിച്ചിട്ടുണ്ട്. യേശുവിനോടൊപ്പം മരിക്കുവാൻ വരെ തയ്യാറാണെന്ന പത്രോസിന്റെ പ്രഖ്യാപനവും ധനികനായ യുവാവിന്റെ പ്രസ്താവനയുമെല്ലാം ഉദാഹരണങ്ങൾ മാത്രമാണ്. പ്രവൃത്തികളെക്കാളും മനസ്സിന്റെ തീരുമാനത്തെ വിലയിരു ത്തി മനുഷ്യനെ വിധിക്കുന്ന കർത്താവിനെയാണ് പുതിയ നിയമം വരച്ചുകാണിക്കുന്നത്. പഴയനിയമം വ്യക്തികളുടെ പ്രവൃത്തിയെ വിലയിരുത്തി രക്ഷയും ശിക്ഷയും വിധിച്ച പ്പോൾ യേശുക്രിസ്തുവാകട്ടെ മനുഷ്യന്റെ മന സ്സിനെ വിലയിരുത്തിയാണ് പ്രവൃത്തികൾ അംഗീകരിച്ചത്. എന്തുചെയ്യുന്നു എന്നുള്ളതല്ല; അത് ചെയ്യുന്നതിന് പിന്നിലുള്ള ഉദ്ദേശ്യവും പ്രേരണയുമാണ് കർത്താവ് നോക്കുന്നത്. സക്കായിയെ യേശു അവഗണിച്ചില്ല; വ്യഭിചാരിണിയായ സ്ത്രീയെ യേശു വിധിച്ചില്ല, കാരണം ദൈവോന്മുഖമായി ജീവിക്കുവാൻ വെമ്പൽ കൊള്ളുന്ന അവരുടെ മനസ്സും അതിന്റെ ഉറച്ചതീരുമാനവും കർത്താവ് ഗ്രഹിക്കുന്നുണ്ടായിരുന്നു.

**രൂപാന്തരം: മനസ്സിൽ നിന്ന് ശരീരത്തിലേക്ക്**

വളരെ ഗഹനവും ചിന്തനീയവുമായ ഒരു യാഥാർത്ഥ്യം നാം അറിയാതെ പോകരുത്. ശരീരത്തിന് രൂപാന്തരം നൽകുവാൻ ശരീരം കൊണ്ട് ചെയ്യുന്ന പ്രവൃത്തികളെക്കാൾ ദൈ

*ശേഷം പേജ് 8 ൽ*



# വാർദ്ധക്യം
# പ്രശ്നങ്ങളും പ്രതിവിധികളും



**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**
(പ്രതീക്ഷാ കൗൺസലിംഗ് സെന്റർ, തിരുവല്ല)

**ഭാ**ര്യയും ഭർത്താവും മെഡിക്കൽ ഡോക്ടർമാരായ ഒരു കുടുംബം. രണ്ടു കുട്ടികളെ കൂടാതെ വൃദ്ധയായ മാതാവും അവർക്കൊപ്പമുണ്ട്. മണിമാളികയിൽ മാതാവിനായി ഒരു മുറിയും നൽകിയിരുന്നു. ഒരു ദിവസം രാവിലെ ആശുപത്രിയിലേക്ക് ഡ്യൂട്ടിക്കു പോകാൻ ഇറങ്ങുന്ന മകനോട് അമ്മ പറഞ്ഞു: “മോനേ, രാത്രിയിൽ എനിക്കു നല്ല പനിയായിരുന്നു, ഒന്നു നോക്കിയിട്ടു പോയാട്ടെ.” തിരക്കാണെന്നു പറഞ്ഞ് മകൻ ആ ജോലി ഭാര്യയെ ഏൽപ്പിച്ചിട്ട് കാറെടുത്തു പാഞ്ഞു. ഭാര്യ രാവിലെ മക്കളെ ഒരുക്കി സ്കൂളിൽ വിട്ട് വളർത്തു നായയ്ക്ക് തീറ്റയും കൊടുത്ത് ഡ്യൂട്ടിക്കു പോകാൻ ഇറങ്ങുമ്പോഴാണ് അമ്മയുടെ കാര്യം ഓർത്തത്. വേഗം അമ്മയ്ക്ക് മരുന്നു നൽകി, പിന്നീട് വിശദമായി പരിശോധിക്കാമെന്ന് പറഞ്ഞ് അവരും യാത്രയായി. വൈകുന്നേരം മക്കൾ സ്കൂളിൽനിന്നു വന്നപ്പോഴേക്കും വളർത്തുനായയ്ക്ക് പനി. കുട്ടികൾ വിവരം മമ്മിയെ ഫോൺ ചെയ്തറിയിച്ചു. അവർ ധൃതഗതിയിൽ വീട്ടിലെത്തി. ഉടൻ ഭർത്താവിനെയും വിളിച്ചുവരുത്തി. ഒട്ടും വൈകാതെ നായയെയും കൊണ്ട് അവർ ഇരുവരും വെറ്റിനറി ഡോക്ടർക്കരികിലേക്കോടി. മടങ്ങി വരുമ്പോൾ മടങ്ങി വരുമ്പോൾ പൂമുഖത്തുനിന്ന അമ്മ മകനോടു പറഞ്ഞതിങ്ങനെ: “എന്റെ മോനേ ഈ വീട്ടിലെ വളർത്തുനായയായി ഞാൻ ജനിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു!

നമ്മുടെ സമൂഹത്തിലെ നിരവധി വൃദ്ധജനങ്ങളുടെ പരിഭവങ്ങളിൽ ഒന്നുമാത്രമാണിത്. ‘പൊന്നെ’, ‘പൊടിയെ’ എന്നു മക്കളെ വിളിച്ച് സ്നേഹിച്ചു വളർത്തിയ മാതാപിതാക്കൾ ആരോഗ്യം ക്ഷയിച്ചുകഴിയുമ്പോൾ സ്വന്തം മക്കളാൽ അവഗണിക്കപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നത് ഇന്ന് ഒരു സാമൂഹിക പ്രശ്



PTA www.manoramaonline.com/news 2018 ജനുവരി 10 ബുധൻ

## മക്കൾ സംരക്ഷിക്കാത്ത മാതാപിതാക്കൾ കൂടുന്നു

കേരളത്തിലെ ട്രൈബ്യൂണലുകളിൽ കഴിഞ്ഞ വർഷം നാലായിരത്തോളം ജീവനാംശ പരാതികൾ

ജോ ജോൺ ...ുത്തോഴത്ത്

...കാച്ചി ● മാതാപിതാക്കളെ ...ംരക്ഷിക്കാത്ത മക്കളിൽ ...; ജീവനാംശം തേടി മു... ...മാർ സമർപ്പിക്കു... ...ണ്ണം കേര...

കേരളത്തിലെ 27 ട്രൈബ്യൂണലുകളിൽ കഴിഞ്ഞ വർഷം റജിസ്റ്റർ ചെയ്തത് നാലായിരത്തോളം പരാതികൾ.

സബ്ഡിവിഷനൽ മജിസ്ട്രേട്ടുമാർ (ആർഡിഒ) അധ്യക്ഷരായ ട്രൈബ്യൂണലുകളാണ് ഈ പരാതികളിൽ കക്ഷികളുടെ വാദംകേട്ട് കേസ് തീർപ്പാക്കുന്നത്. 2017ൽ 569 ജീവനാംശ ഹർജികൾ ലഭിച്ച തിരുവനന്തപുരം സബ് ഡിവിഷനാണ്, മാതാപിതാക്കളുടെ പരാതിയിൽ രാജ്യത്തുതന്നെ ഏറ്റവും മുന്നിൽ. സംസ്ഥാനത്തെ പല ആർഡിഒമാരും ആഴ്ചയിൽ രണ്ടു ദിവസം വീതം അദാല...

തീർപ്പാക്കുന്നത്. മാതാപിതാക്കളുടെ സ്വത്തുക്കൾ കൈവശപ്പെടുത്തിയശേഷം അവരെ പരിപാലിക്കാതെ ഉപേക്ഷിച്ചാൽ പരമാവധി 10,000 രൂപവരെ മാസം ജീവനാംശം നൽകാനുള്ള ഉത്തരവിടാൻ ട്രൈബ്യൂണലുകൾക്ക് അധികാരമുണ്ട്.

ഒന്നിൽ കൂടുതൽ മക്കളുള്ള, 60 വയസ്സു പിന്നിട്ട മാതാപിതാക്കൾക്ക് ഒരാളെയോ കൂടുതൽ പേരെയോ എതിർകക്ഷികളാക്കി ഹർജി നൽകാം. കക്ഷികൾക്കു നോട്ടിസ് നൽകിയാൽ 90 ദിവസത്തിനകം തീർപ്പാക്കണമെന്നാണു നിയമം. ജില്ലാ മജിസ്ട്രേട്ടുമാരാണ് (കലക്ടർ...

### മുതിർന്ന പൗരൻമാർക്ക് ശാരീരിക പീഡനം കൂടുന്നു

കൊച്ചി ● ഗാർഹിക പീഡനത്തിനു പരാതി നൽകുന്ന... ...തിർന്ന പൗരന്മാരിൽ 58% പേരും മക്കളിൽനിന്നോ ...ബന്ധുക്കളിൽ നിന്നോ ശാരീരിക പീഡനം ഏറ്റുവാ... ...വരാണെന്ന് പഠന റിപ്പോർട്ട്. 28% പേർ മാനസിക പീ... ...വും നേരിടുന്നുണ്ട്. കേരളം, പഞ്ചാബ്, ഹരിയാന, ... എന്നിവിടങ്ങളിൽ ‘ഹെൽപേജ് ഇന്ത്യ’ നടത്തിയ പ... ...ലാണു മുതിർന്ന പൗരന്മാരുടെ ദുരവസ്ഥ വെളിവാ... മക്കൾക്കു സ്വത്ത് കൈമാറിയതോടെ പൂർണമായ... അവലംബിക്കേണ്ടി വരുന്നവരാണ് മുതിർന്നവരി... ...ക്ഷവും എന്ന് പഠനത്തിൽ വ്യക്തമായി. മുതിർന്ന... ...ക്കുവേണ്ടിയുള്ള നിയമം ഭേദപ്പെട്ട രീതിയിൽ നട... കേരളമാണെന്നും ഹെൽപേജ് ചീഫ് എക്സിക്യൂ... ...സർ മാത്യു ചെറിയാൻ പറഞ്ഞു.

കണ്ടെത്തലുകൾ:

● മുതിർന്ന പൗരന്മാർ പരാതിക്കാരായുള്ള സ്വ... കേരളത്തിലും തമിഴ്നാട്ടിലും കൂടുതൽ. പഞ്ചാ... ...തലും ജീവനാംശം ആവശ്യപ്പെട്ടുള്ള പരാതിക... ...കൾ തീർപ്പാക്കുന്നതിൽ കേരളം മുന്നിൽ (29%). ...ന്നിൽ (9%).

● മുതിർന്ന പൗര...ക്കു നേരെയുള്ള മാനസി...

നമായി മാറിയിരിക്കുന്നു.

**വാർദ്ധക്യം ഒരു യാഥാർത്ഥ്യം**

മനുഷ്യന്റെ ആയുർദൈർഘ്യത്തിന്റെ വർദ്ധന ആഗോളവ്യാപകമായ ഒരു പ്രതിഭാസമാണ്. തന്മൂലം സമൂഹത്തിൽ നല്ലൊരു പങ്ക് വയോജനങ്ങളാണ്. ആയുസിന്റെ ദേശീയ ശരാശരി പുരുഷനും സ്ത്രീക്കും 59.4 ആണെങ്കിൽ കേരളത്തിൽ അത് യഥാക്രമം 69 ഉം 74 ഉം ആണ്. യു. എൻ.ഒ.യുടെ കണക്കനുസരിച്ച് 2025 ആകുമ്പോഴേക്കും വൃദ്ധജനങ്ങൾ ലോകജനസംഖ്യയുടെ 14% ആകും. എന്നാൽ വർദ്ധിച്ചുവരുന്ന ആയുസ് അവനവനു മാത്രമല്ല മറ്റുള്ളവർക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നതാണ് വാർദ്ധക്യം നേരിടുന്ന പ്രധാന വെല്ലുവിളി.

**വാർദ്ധക്യത്തിന്റെ പ്രശ്നങ്ങൾ**

മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ വളരെയധികം മാനസിക സംഘർഷങ്ങൾ അനുഭവിക്കുകയും അവ ശ്രദ്ധിക്കപ്പെടാതെ പോകുകയും ചെയ്യുന്ന ഒരു കൂട്ടരാണ് വൃദ്ധജനങ്ങൾ. പഴയ കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ, അധികാരം കാരണവന്മാരിൽ നിക്ഷിപ്തമായിരുന്നതിനാൽ പ്രായമുള്ളവർക്ക് പ്രത്യേക ശ്രദ്ധയും പരിഗണനയും ലഭിച്ചിരുന്നു. അന്ന് സ്ത്രീകളും കുട്ടികളുമാണ് അവഗണിക്കപ്പെട്ടിരുന്നത്. എന്നാൽ ഇന്നത്തെ ന്യൂക്ലിയർ കുടുംബത്തിൽ ഭാര്യ, ഭർത്താവ്, കുട്ടികൾ എന്നിവർക്ക് അന്യോന്യ പരിഗണനയും ശ്രദ്ധയും ലഭിക്കുകയും പ്രായമായ മാതാപിതാക്കൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു. ‘വാർദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ’ എന്ന ദാവീദിന്റെ പ്രാർത്ഥന വാർദ്ധക്യകാലത്തെ അവഗണനയ്ക്കുള്ള സാധ്യതയാണ് സൂചിപ്പിക്കുന്നത്. ഇത്തരം

സാമൂഹിക പ്രശ്നങ്ങൾ നേരിടുമ്പോൾ തന്നെ പ്രായം വെച്ചുനീട്ടുന്ന ശാരീരിക-മാനസിക-സാമൂഹിക പ്രശ്നങ്ങളും വൃദ്ധജനങ്ങൾക്ക് വെല്ലുവിളിയുയർത്തുന്നു.

**ശാരീരിക പ്രശ്നങ്ങൾ**

ശാരീരിക ദൗർബല്യം എല്ലാ മേഖലയിലും വൃദ്ധർ അനുഭവിക്കുന്നു. പ്രായമാകുന്നതോടെ ശരീരത്തിന്റെ ഓരോ പ്രവർത്തനത്തിലും മാന്ദ്യം സംഭവിക്കുന്നു. കായികാദ്ധ്വാനശേഷിയും കാഴ്ചയുടെയും കേൾവിയുടെയും കൂർമ്മതയും കുറഞ്ഞുവരുന്നു. മസ്തിഷ്കബലക്ഷയം മൂലം ചിന്തയിലും അതുമായി ബന്ധപ്പെട്ടുള്ള മറ്റു പ്രവർത്തനങ്ങളിലും ക്ഷതം സംഭവിക്കുന്നു. കാൽസ്യം നഷ്ടപ്പെടുന്നതുമൂലം അസ്ഥികൾക്ക് ബലക്ഷയം ഉണ്ടാകുന്നു. തന്മൂലം ഒടിവുകൾക്ക് സാധ്യത വർദ്ധിക്കുന്നു. രക്തധമനിക്കുഴലുകൾ ശോഷിക്കുന്നതുകൊണ്ട് രക്തസംക്രമണം കുറയുന്നു. ശ്വാസകോശങ്ങളുടെയും ദഹനേന്ദ്രിയങ്ങളുടെയും പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകാം. ഉറക്കകുറവ്, വിശപ്പില്ലായ്മ എന്നിവ സാധാരണമാകുന്നു.

ഇത്തരം ശാരീരിക പ്രശ്നങ്ങൾ വൃദ്ധരെ സമൂഹത്തിൽനിന്ന് ഒറ്റപ്പെടുത്തുകയും നിവൃത്തിയില്ലാതെ മറ്റുള്ളവരെ ആശ്രയിക്കുവാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നു. മനസ്സ് ആഗ്രഹിക്കുന്നിടത്തു ശരീരം എത്താതെ വരുമ്പോൾ നിരാശയ്ക്ക് അടിമയാകുകയും മറ്റുള്ളവർക്ക് താൻ ഒരു ഭാരമാണെന്ന് സ്വയം തോന്നുകയും ചെയ്യുന്നത് സാധാരണമാണ്.

**മാനസീക പ്രശ്നങ്ങൾ**

വാർദ്ധക്യത്തിൽ നേരിടുന്ന ഏറ്റവും പ്രധാന മാനസീക പ്രശ്നം നഷ്ടബോധമാണ്. ശാരീരികാരോഗ്യം നഷ്ടപ്പെടുന്നത് കൂടാതെ സ്ഥാനം, സമയം, അഭിമാനം, സ്വാതന്ത്ര്യം, കൂട്ടുകാർ, പ്രിയപ്പെട്ടവർ, ആത്മവിശ്വാസം തുടങ്ങിയവയുടെ നഷ്ടവും വൃദ്ധരിൽ മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ നഷ്ടബോധത്തിന്റെ മദ്ധ്യത്തിൽ ഭൂരിപക്ഷം വൃദ്ധരും ഏകാന്തത അനുഭവിക്കുന്നു. അതോടൊപ്പം തന്നെ ഉത്കണ്ഠയും വർദ്ധിക്കും. നാളെ എന്ത്? എങ്ങനെ? എന്ന ശക്തമായ ആശങ്ക അവരെ ഭരിക്കും. പ്രത്യേകിച്ച് മക്കൾ ആരും കൂടെയില്ലാതെ തനിയെ താമസിക്കുന്ന മാതാപിതാക്കളിലും പങ്കാളികൾ നഷ്ടപ്പെട്ടവരിലും ഇത് ഏറെ കാണപ്പെടുന്നു.

**ഇതര സാമൂഹിക പ്രശ്നങ്ങൾ**

സമൂഹത്തിൽ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യബോധം വൃദ്ധർക്ക് കുറച്ചൊന്നുമല്ല പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഉത്പാദനപരമായ കഴിവ്, സൗന്ദര്യം, പണം, വിദ്യാഭ്യാസം, ഔദ്യോഗിക പദവികൾ, സ്വാധീനം തുടങ്ങിയവ ആധുനിക സമൂഹം വിലപ്പെട്ടതായി കാണുന്നു. ചലനശക്തി, ക്രിയാത്മകത, ആരോഗ്യം, വേഗത തുടങ്ങിയവയുള്ളവരെയാണ് സമൂഹം ഇന്ന് പ്രാധാന്യത്തോടെ കാണുന്നത്. എന്നാൽ വാർദ്ധക്യം ബാധിക്കുന്നതോടെ മേൽപ്പറയപ്പെട്ടവയെല്ലാം നഷ്ടമായിക്കൊണ്ടിരിക്കയാണല്ലോ. ഇത്തരം സാഹചര്യങ്ങൾ സാമൂഹികമായി ഉൾവലിയുന്നതിന് (Social with dreawal) വൃദ്ധരെ പ്രേരിപ്പിക്കും.

വാർദ്ധക്യത്തെപ്പറ്റിയുള്ള പഴയ വീക്ഷണമല്ല ഇന്നുള്ളവർക്കുള്ളത്. ഒരു കാലഘട്ടത്തിൽ നരച്ച തലയെ ബഹുമാനത്തോടെ കണ്ടിരുന്ന സമൂഹം ഇന്ന് ബാധ്യതയായി അതിനെ വിലയിരുത്തുന്നു. തന്മൂലം വൃദ്ധരെ വീട്ടിൽ തന്നെ പരിരക്ഷിക്കുക എന്ന സ്ഥിതിക്ക് മാറ്റം വന്നുകൊണ്ടിരിക്കുന്നു. വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങൾ വാർദ്ധക്യം ഒരു ബാധ്യതയാണെന്ന യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

**വാർദ്ധക്യം ആരംഭിക്കുന്നത് എപ്പോൾ?**

സാധാരണയായി അറുപതു മുതലാണ് വാർദ്ധക്യം ആരംഭിക്കുന്നതായി കണക്കാക്കിയിരിക്കുന്നത്. എന്നാൽ വയസ്സല്ല, മനസ്സാണ് വാർദ്ധക്യം നിശ്ചയിക്കപ്പെടുന്നതിന്റെ മാനദണ്ഡം എന്നു പറയുന്നതിൽ കുറച്ചൊക്കെ അർത്ഥമുണ്ട്. പ്രത്യേകിച്ച് എൺപതു വയസു കഴിഞ്ഞ ചെറുപ്പക്കാരും മുപ്പതു വയസുള്ള പടുകിഴവന്മാരും നമുക്കിടയിൽ ധാരാളമുള്ളപ്പോൾ. അങ്ങനെയെങ്കിൽ പ്രായം ശരീരത്തിന്റെയല്ല മനസിന്റെ ഒരു ചിന്താഗതിയാണെന്നു വേണം കരുതാൻ.

മനുഷ്യായുസിനെ മനഃശാസ്ത്രജ്ഞന്മാർ ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, മധ്യവയസ്, വാർദ്ധക്യം എന്നിങ്ങനെ വിവിധ ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ അവസാനത്തെ ഘട്ടമാണ് വാർദ്ധക്യം. പ്രായത്തിന്റെ അടിസ്ഥാനത്തിൽ സാധാരണയായി അറുപതു മുതലാണ് വാർദ്ധക്യം ആരംഭിക്കുന്നതായി കണക്കാക്കിയിരിക്കുന്നത്. എന്നാൽ വയസ്സല്ല, മനസ്സാണ് വാർദ്ധക്യം നിശ്ചയിക്കപ്പെടുന്നതിന്റെ മാനദണ്ഡം എന്നു പറയുന്നതിൽ കുറച്ചൊക്കെ അർത്ഥമുണ്ട്. പ്രത്യേകിച്ച് എൺപതു വയസു കഴിഞ്ഞ ചെറുപ്പക്കാരും മുപ്പതു വയസുള്ള പടുകിഴവന്മാരും നമുക്കിടയിൽ ധാരാളമുള്ളപ്പോൾ. അങ്ങനെയെങ്കിൽ പ്രായം ശരീരത്തിന്റെയല്ല മനസിന്റെ ഒരു ചിന്താഗതിയാണെന്നു വേണം കരുതാൻ. പ്രായമായിട്ടും ഊർജ്ജസ്വലത കൈവിടാതെ ഓടിച്ചാടി കാര്യങ്ങൾ നടത്തുന്ന രാഷ്ട്രീയ, മതനേതാക്കന്മാർ നമുക്കിടയിൽ ധാരാളമുള്ളപ്പോൾ തന്നെ അകാലത്തിൽ നര ബാധിച്ച് വാർദ്ധക്യ പ്രശ്നങ്ങൾ നേരിടുന്ന നിരവധി പേരും സമൂഹത്തിലുണ്ട്.

ഇതു സൂചിപ്പിക്കുന്നത് ശാരീരിക പ്രായമുണ്ടെങ്കിലും മനസിന്റെ യൗവ്വനം നിലനിർത്തുവാൻ കഴിയുന്നവർക്ക് വാർദ്ധക്യത്തിലേക്കു കടക്കുക എന്ന പ്രക്രിയ കുറച്ചുകൂടി നീട്ടിക്കൊണ്ടുപോകുവാൻ സാധിക്കും എന്നതാണ്. എന്നിരുന്നാലും അതിനു പരിമിതിയുണ്ടെന്ന സത്യം വിസ്മരിക്കുന്നില്ല. ശാരീരിക ബലഹീനതകൾ വർദ്ധിക്കുന്നതോടുകൂടി വാർദ്ധക്യം എന്ന യാഥാർത്ഥ്യം നിരാകരിക്കാനാവാത്ത അവസ്ഥയിൽ എത്തിച്ചേരുന്നു. പക്ഷേ ഇത് മനസ്സിന്റെ പ്രായത്തെ ആശ്രയിച്ചാണ് വ്യക്തികളിൽ പ്രകടമാകുക എന്നതാണ് സത്യം. അതുകൊണ്ട് വാർദ്ധക്യകാലം സന്തോഷകരമാകുന്നതിന് മനസ്സിന്റെ സംതൃപ്തിയും ഊർജ്ജസ്വലതയും നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

**പ്രായമായവരെ പരിചരിക്കുമ്പോൾ**

മുമ്പു സൂചിപ്പിച്ചതുപോലെ, വൃദ്ധർ ഇന്ന് അധികപ്പറ്റാണെന്നു കരുതുന്ന ആധുനിക സമൂഹത്തിൽ "നിനക്കു നന്മയുണ്ടാകുവാനും ദീർഘായുസ്സോടെയിരിപ്പാനും അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്ന ബൈബിൾ വചനത്തിനു പ്രത്യേക പ്രസക്തിയുണ്ട്. വിദ്യാഭ്യാസത്തിന്റെ പുരോഗതിയും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ബദ്ധപ്പെടലും അന്യരാജ്യങ്ങളിലേക്കു

ള്ള പരിച്ചുനടീലുമെല്ലാം മുതിർന്നവർ അവഗണിക്കപ്പെടുന്നതിന് മുഖാന്തരമാകുന്നു. എന്നാൽ നേട്ടങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുമ്പോൾ തന്നെ ഒന്നോർക്കണം, കണ്ണേ, കരളേ എന്നു വിളിച്ച് ഒരു പ്രായം വരെ നിലത്തും താഴെയും വയ്ക്കാതെ വളർത്തിക്കൊണ്ടുവന്ന മാതാപിതാക്കളെ മറക്കരുത്. ഇന്നത്തെ ഭാസുര ജീവിതത്തിന് അടിസ്ഥാനമിട്ട ആരംഭനാളുകൾ അവരുടെ ത്യാഗത്തിന്റെ വിലകൂടിയായിരുന്നു എന്ന സത്യം വിസ്മരിക്കരുത്. ഒരായുസ്സു മുഴുവൻ മക്കൾക്കുവേണ്ടി ജീവിച്ച അവരുടെ അവസാന നാളുകൾ വൃദ്ധസദനങ്ങളിലോ ഹോം നഴ്സിനൊപ്പമോ അല്ല ചിലവിടേണ്ടത്, പകരം സ്വന്തം മക്കൾക്കൊപ്പമാണ്.



**പ്രായമായവരോട്**

ജീവിതസായാഹ്നത്തിൽ നിരാശയും ആകുലതയും പേറി എരിഞ്ഞു തീരുന്ന നിരവധി വൃദ്ധജനങ്ങൾ നമുക്കു ചുറ്റുമുണ്ട്. എന്നാൽ അല്പം ശ്രമിച്ചാൽ വാർദ്ധക്യം സന്തോഷത്തോടെ നയിച്ച് പ്രത്യാശയുള്ള അന്ത്യം കൈവരിക്കുവാൻ കഴിയും. അതിനുള്ള ചില വഴികൾ ചുവടെ ചേർക്കുന്നു.

**ക്രിയാത്മകമായി ചിന്തിക്കുക**

ജീവിതത്തെ നാം ഏതു നിലയിൽ വീക്ഷിക്കുന്നു എന്നത് സംതൃപ്തിയിൽ പ്രധാന ഘടകമാണ്. ഒന്നിനും കൊള്ളാത്ത ഞാൻ ഇനി ജീവിച്ചിട്ടു കാര്യമില്ല എന്ന മനോഭാവം ആരോഗ്യകരമല്ല. ദൈവം തന്ന ആയുസ്സിന് ഉദ്ദേശ്യമുണ്ടെന്നും അത് ഫലകരമാക്കണമെന്നും ചിന്തിക്കുക. ഒപ്പം പൂർവ്വകാല നേട്ടങ്ങളെക്കുറിച്ച് ചിന്തിച്ച് വർത്തമാനകാലത്തിൽ ദൈവം കൂടെയുണ്ടെന്ന ചിന്തയിൽ ശുഭാപ്തി വിശ്വാസത്തോടെ മുന്നേറുക.

**പ്രവർത്തനങ്ങളിൽ ഏർപ്പെടുക**

വയ്യ, കഴിവില്ല എന്നു ചിന്തിച്ച് സമയം കളയാതെ അവരവരുടെ ആരോഗ്യമനുസരിച്ച് ചെറു ജോലികളിൽ ഏർപ്പെടുക. പൂന്തോട്ട നിർമ്മാണം, പേരക്കുട്ടികൾക്കൊപ്പം സമയം ചിലവഴിക്കൽ, ആത്മീയ ആരാധനയിൽ പങ്കെടുക്കുന്നത്, പ്രാർത്ഥന, വേദപുസ്തക ധ്യാനം, വായന ഇവയൊക്കെ ഏകാന്തതയ്ക്കും ആകുലതയ്ക്കും നല്ല പരിഹാരങ്ങളാണ്.

**ഉപദേശം തേടുക**

സമാന സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന വൃദ്ധരോടൊപ്പം സമയം ചിലവിടുന്നത് ഏറെ പ്രയോജനം ചെയ്യും. പ്രത്യേകിച്ച്, സന്തുഷ്ടതയോടെ വാർദ്ധക്യം ചിലവഴിക്കുന്നവർക്കൊപ്പം അവരെ സന്ദർശിക്കുക. അവർ ജീവിതപ്രശ്നങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നൊക്കെ മനസ്സിലാക്കുന്നത് പ്രയോജനം തന്നെ. ഒരു നല്ല കൗൺസലറുടെ ഉപദേശം സുഗമമായ ജീവിതത്തിന് ഏറെ സഹായകമാകും.

അവസാനമായി, ദീർഘായുസ് ദൈവത്തിന്റെ അനുഗ്രഹമാണ് (സങ്കീ. 91:16). അതു തൃപ്തിയോടെ നയിക്കാനാണ് ദൈവം നൽകുന്നത്. അതിന് ദൈവാശ്രയവും ഭക്തിജീവിതവുമാണ് അനിവാര്യം. ജീവനോടെയിരുന്ന് ദൈവപ്രവൃത്തികൾ വർണ്ണിക്കുവാൻ, കരുതുന്ന ദൈവത്തിൽ ആശ്രയംവെച്ച് ചിന്താകുലങ്ങളെ ദൈവത്തിലിടുവാൻ കഴിഞ്ഞാൽ വാർദ്ധക്യം അനുഗ്രഹകരമാകും, തീർച്ച.

**വൃദ്ധരുടെ പ്രധാന ആവശ്യങ്ങൾ**

പ്രായമുള്ളവരെ പരിചരിക്കുമ്പോൾ അവരുടെ പ്രധാനപ്പെട്ട മനഃശാസ്ത്ര ആവശ്യങ്ങൾ അറിയുന്നത് ഏറെ പ്രയോജനകരമായിരിക്കും. പ്രധാനമായും മൂന്നു കാര്യങ്ങളാണ് വാർദ്ധക്യപരിചരണത്തിൽ ശ്രദ്ധിക്കേണ്ടത്.

**1) അംഗീകരിക്കപ്പെടുക**

മുമ്പു സൂചിപ്പിച്ചതുപോലെ സമൂഹത്തിലെ പദവികളും ആരോഗ്യവും ജോലിയുമെല്ലാം നഷ്ടപ്പെടുന്നത് വൃദ്ധരിൽ ഏറെ ആകുലതകളുണ്ടാക്കും. ഈ സാഹചര്യത്തിൽ അവരുടെ മാനസിക ആരോഗ്യം നിലനിർത്തുന്നതിന് സ്വന്തഭവനത്തിലെ അംഗീകാരം വളരെ പ്രധാനമാണ്. സമ്പത്തും അധികാരവും ഇല്ലെങ്കിലും തങ്ങളെ മറ്റുള്ളവർ അംഗീകരിക്കുന്നു എന്ന ചിന്ത അവരിൽ വരുത്തുന്ന ആത്മാഭിമാനവും ആത്മവിശ്വാസവും തെല്ലൊന്നുമല്ല, മറിച്ച്, വേണ്ട പരിഗണന കിട്ടിയില്ലെങ്കിൽ അവർ അസ്വസ്ഥരും പരാതിക്കാരും കുടുംബത്തിൽ പ്രശ്നക്കാരുമായി മാറിയേക്കാം. തങ്ങളുടെ സ്ഥാനവും പദവിയും നിലനിർത്താൻവേണ്ടി നിസ്സഹകരണവും പ്രതിഷേധവും വരെ അവർ പ്രകടിപ്പിച്ചു എന്നു വരാം.

മുതിർന്നവരെ ഒഴിവാക്കി കുടുംബത്തിനുള്ളിൽ ആലോചനകൾ നടത്തുന്നതോ സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതോ അവരെ ഏറെ വിഷമിപ്പിക്കും. ഒഴിവാക്കുന്നു എന്ന തോന്നൽ അവരെ സ്വന്ത മുറിയിൽനിന്ന് പുറത്തുകൊണ്ടുവന്ന് "എന്നതാ മക്കളെ നിങ്ങളിപ്പറേന്നത്, ആരുടെ കല്യാണമാ...' എന്നൊക്കെ ഇടയ്ക്കു കയറി ചോദിക്കാൻ പ്രേരിപ്പിക്കും. "അപ്പനുറങ്ങാറായില്ലേ... അത്താഴവും മരുന്നും കിട്ടിയില്ലേ...?" എന്നാണ് മറുചോദ്യമെങ്കിൽ സൂചികൊണ്ടു കുത്തിയ ബലൂൺ പോലെയാകും അപ്പന്റെ സ്ഥിതി. ഇങ്ങനെ തീരുമാനങ്ങൾ എടുക്കുമ്പോൾ മുതിർന്നവരോട് ആലോചന ചോദിക്കുന്നതും അവരോടൊത്തിരുന്ന് ഭക്ഷണം കഴിക്കുന്നതും അവരെ അംഗീകരിക്കുന്നതായി മനസ്സിലാക്കാൻ സഹായിക്കും.

**2) ആദരിക്കപ്പെടുക**

തങ്ങളുടെ അഭിപ്രായങ്ങൾക്കും ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്നത് മുതിർന്നവരിൽ ആദരിക്കപ്പെടുന്നു എന്ന ചിന്ത ഉളവാക്കും. "നിങ്ങൾ അവിടെങ്ങാനും മര്യാദയ്ക്കിരിക്ക്", "അപ്പൻ അപ്പന്റെ കാര്യം നോക്ക്" നിങ്ങളുടെ ഉപദേശമൊന്നും ഇവിടെ വേണ്ട..." തുടങ്ങിയുള്ള സംഭാഷണങ്ങൾ പ്രായമായവരെ അപമാനിക്കുന്നതിനു തുല്യമാണ്. അവർ

*ശേഷം പേജ് 8 ൽ*

## രൂപാന്തരം (4-ാം പേജ് തുടർച്ച)

വോന്മുഖമായി കാത്തുസൂക്ഷിക്കുന്ന ഇളക്കം തട്ടാത്ത ശക്തമായ മനസ്സിനെയാണ് ദൈവം മാനദണ്ഡമാക്കുന്നത്. ലോകപ്രകാരം ശരീരത്തിന്റെ ആയുസ്സിനും ആരോഗ്യത്തിനും ശരീരവ്യായാമം അത്യന്താപേക്ഷിതമാണ്. ക്ഷണികമായ ഈ ലോകത്തിൽ ജീവിക്കാൻ മനുഷ്യന് ശരീരവ്യായാമം മതിയാകും. എന്നാൽ നിത്യതയോളം കർത്താവിനോടൊപ്പം പുനരുത്ഥാന ശരീരത്തിൽ ജീവിക്കാൻ ശരീരത്തിന്റെ പ്രവൃത്തികളല്ല; മറിച്ച് മാനസീക വ്യായാമമാണ് ദൈവം ആവശ്യപ്പെടുന്നത്. ശാരീരിക വ്യായാമത്തിലൂടെ അനാവശ്യമായ കൊഴുപ്പ് കത്തിച്ചു കളഞ്ഞ് ശരീരത്തെ ഊർജ്ജസ്വലമാക്കുന്നതുപോലെ മാനസീകവ്യായാമത്തിലൂടെ (മനസ്സ് പുതുക്കി രൂപാന്തരപ്പെടുന്നതിലൂടെ) പുനരുത്ഥാന ശരീരത്തിലേ ക്കുള്ള യാത്ര സുഗമമാക്കുക യാണ്.

ഭക്തരിലെ മനോവീര്യം കെടുത്തിക്കളയുവാൻ സാദ്ധ്യതയുള്ള പല പ്രലോഭനങ്ങളും പരീക്ഷകളും ഈ ലോകജീവിതത്തിൽ ഉണ്ടായേക്കാം. പക്ഷേ അവയെ അതിജീവിച്ച് മുന്നേറുന്ന ശക്തമായ മനസ്സിന്റെ ഉടമയെയാണ് ഒടുവിൽ ദൈവം തേജസ്സുകൊണ്ട് അലങ്കരിച്ച് തന്നോടൊപ്പം സിംഹാസനത്തിൽ ഇരുത്തുന്നത്. ഉറച്ച മനസ്സിൽ നിന്നുണ്ടാകുന്ന പ്രഖ്യാപനങ്ങൾക്കും പ്രവൃത്തികൾക്കുമാണ് ദൈവം വില കൽപ്പിക്കുന്നത്. മനുഷ്യൻ പുറമെയുള്ളത് കാണുമ്പോൾ ദൈവമോ ഹൃദയങ്ങളെ തൂക്കിനോക്കുന്നു. നമ്മുടെ പ്രവൃത്തികൾ താൽക്കാലികമായി എന്തെങ്കിലും നേടിയെടുക്കുവാനുള്ള, ലാഭമുണ്ടാക്കുവാനുള്ള, ഉപജീവനത്തിനു വേണ്ടിയുള്ള മാനസ്സീക പിരിമുറുക്കത്തിന്റെ ഫലങ്ങളാണോ? അതോ ദൈവത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇളക്കം തട്ടാത്ത മനസ്സിന്റെ പ്രതിഫലനങ്ങളാണോ?

രക്ഷാപ്രക്രിയയുടെ രണ്ടാം ഘട്ടത്തെ വിശുദ്ധീകരണഘട്ടം എന്നാണ് വിളിക്കുന്നത്. പാപത്തിൽ നിന്ന് വേർപാട് അനുഷ്ഠിക്കേണ്ട കാലം എന്ന് സാരം. അത് പ്രവൃത്തിപഥത്തിലെ ത്തിക്കുവാൻ ശക്തമായതും ഇളക്കം തട്ടാത്തതും പുതുക്കമുള്ളതുമായ മനസ്സിനു മാത്രമേ കഴിയുകയുള്ളു എന്ന കാരണത്താലാണ് മനസ്സു പുതുക്കി രൂപാന്തരപ്പെടുവാൻ പൗലോസ് പ്രബോധിപ്പിക്കുന്നത്. മനസ്സ് ദൈവത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നവന് ചെയ്യാൻ സാധിക്കാത്തതായി ഒന്നുമില്ല. അങ്ങനെയുള്ളവർ പറയും, എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും. ആധുനികലോകം മനഃശക്തിയെപ്പറ്റി വലിയ കണ്ടെത്തലുകളാണ് നടത്തി ക്കൊണ്ടിരിക്കുന്നത്. നമുക്ക് നമ്മുടെ മനസ്സ് ദൈവത്തിൽ കേന്ദ്രീകരിക്കാം. ഇളക്കം തട്ടാതെ സൂക്ഷിക്കാം. യഥാസ്ഥാനത്ത് നിലനിർത്താം. മരണത്തെപ്പോലും തൃണവത്ഗണിച്ചുകൊണ്ട് മുന്നേ റാൻ കഴിയുന്ന ശക്തമായ മനസ്സിന്റെ ഉടമകളാകാം. നമ്മെ കാത്തിരിക്കുന്നത്, ഒരിക്കലും ആർക്കും പ്രലോഭിപ്പിക്കുവാൻ കഴിയാത്ത, പാപം ചെയ്യുവാൻ കഴിയാത്ത, വിശപ്പില്ലാത്ത, വസ്ത്രം ആവശ്യമില്ലാത്ത, തേജസ്സിനാൽ അലങ്കരിക്കപ്പെട്ട പുനരുത്ഥാന ശരീരമാണ്. ആയതിനാൽ യാഥാ ർത്ഥ്യബോധത്തോടും ലക്ഷ്യബോധത്തോടും കൂടെ നമുക്ക് മുന്നേറാം.

## വാർദ്ധക്യം

(7-ാം പേജ് തുടർച്ച)

പറയുന്നതിനെ ഒരിക്കലും പുച്ഛിച്ചു തള്ളുകയോ വിലകുറച്ചു കാണുകയോ അരുത്. പകരം അവർ മക്കളാലും മരുമക്കളാലും, കൊച്ചുമക്കളാലും ബഹുമാനിക്കപ്പെടുന്നു എന്ന മതിപ്പ് അവരിൽ ഉളവാക്കപ്പെടണം. ഒരു വ്യക്തി വയസായി എന്നുവെച്ച് ഉപയോഗശൂന്യമാകുന്നില്ല. ഒന്നുമല്ലെങ്കിലും ജീവിതത്തിന്റെ അനുഭവ സമ്പത്തുമായി മക്കൾക്ക് ഉത്തമ വഴികാട്ടിയായിരുന്നവരാണല്ലോ അവർ. വേണ്ട വിദ്യാഭ്യാസം കാണില്ലെങ്കിലും ഏതു കാര്യവും വിജയിക്കാൻ എന്തു ചെയ്യണമെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകാൻ കഴിവുള്ളവരാണവർ. ചുവടുകൾ പിഴയ്ക്കുമ്പോൾ ശരിയായ വഴി കാണിച്ചുതരാനും അവർക്കു കഴിയുന്നു. ഇത് പ്രായമായാലും തങ്ങൾക്ക് കഴിയുമെന്നും ഏതു കാര്യവും തങ്ങളോട് അഭിപ്രായം ചോദിച്ച് ചെയ്യണമെന്നും അവർ ആഗ്രഹിക്കുന്നു.

**3) സ്നേഹിക്കപ്പെടുക**

മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുക എന്നത് ഏതു പ്രായത്തിലുള്ളവരുടെയും പ്രധാന മാനസിക ആവശ്യങ്ങളിലൊന്നാണ്. മുകളിൽ വിശദീകരിച്ച അംഗീകരിക്കപ്പെടലും ആദരിക്കപ്പെടലും സ്നേഹത്തിലൂടെ മാത്രമേ സാധ്യമാകൂ. വാർദ്ധക്യകാലം ആരോഗ്യകരമോ, അസംതൃപ്തമോ എന്ന് നിർണ്ണയിക്കപ്പെടുന്നതിൽ അവർക്കു ലഭിക്കുന്ന സ്നേഹത്തിന്റെ പങ്ക് നിർണ്ണായകമാണ്. സ്നേഹപൂർവ്വമുള്ള സംസാരം, ഒരു നോട്ടം, പുഞ്ചിരി ഇവയൊക്കെ പ്രായമായവർക്ക് ആശ്വാസമാണ് നൽകുക. വെറുതെയെങ്കിലും, അമ്മ കഴിച്ചോ, ഇന്ന് ഉറങ്ങിയോ, അല്പസമയം വിശ്രമിക്ക് എന്നൊക്കെ പറയുന്നത് അവർക്ക് മറ്റുള്ളവരെ സ്നേഹിക്കാനും സ്വയം സ്നേഹിക്കാനും ഉതകും.

**മുതിർന്നവരുമായി ആശയവിനിമയം നടത്തുമ്പോൾ...**

* അപ്പനോ അമ്മയോ സംസാരിക്കുമ്പോൾ ശരിക്കും ശ്രദ്ധിച്ചു കേൾക്കുക – അവരുടെ മുഖത്തു നോക്കിയിരിക്കുക. മൂളി കേൾക്കുകയോ മറുപടി പറയുകയോ ചെയ്യുക.

* ഒരിക്കലും നിങ്ങളുടെ ആശ്രിതരോ, കുട്ടികളോടു പറയുന്നതുപോലോ അവരോടു സംസാരിക്കരുത്.

* ധൃതിപ്പെട്ട് അവരെ ഉപദേശിക്കാനോ ആവശ്യപ്പെടാതെ അഭിപ്രായം പറയുവാനോ തുനിയരുത്.

* തങ്ങൾക്കൊന്നിനും കഴിവില്ല, എപ്പോഴും എന്തിനും വേറൊരാളെ ആശ്രയിച്ചേ പറ്റൂ എന്നുള്ള മാതാപിതാക്കളുടെ തോന്നലിനെ ഒന്നുകൂടി ശക്തിപ്പെടുത്തുന്ന രീതിയിൽ അവരോട് സഹതാപം കാട്ടുകയും എപ്പോഴും ഇങ്ങോട്ടാശ്രയിക്കാൻ ഇടം നൽകുകയും ചെയ്യരുത്. സ്വന്തമായി സാധിക്കുന്നത് തനിയെ ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുക.

* തങ്ങൾ ഇന്ന് ഉപയോഗശൂന്യരാണ് എന്ന ചിന്ത വർദ്ധിപ്പിക്കുന്ന രീതിയിൽ അവരോട് ഇടപെടരുത്. ജീവിതം പാഴായിപ്പോയി എന്നു ചിന്തിക്കുന്നവരോട് കഴിഞ്ഞ കാലങ്ങളിലെ അവരുടെ നേട്ടങ്ങളും വിജയങ്ങളും ഓർപ്പിക്കുന്നത് കുറച്ചുകൂടി ക്രിയാത്മകതയോടെ ജീവിക്കുവാൻ അവരെ സഹായിക്കും.

* ഒന്നോർക്കുക, അപ്പനേയും അമ്മയേയും നിന്ദിച്ച് തള്ളുന്നത് ദൈവം പോലും വെറുക്കുന്നു. മറിച്ച്, അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ശുശ്രൂഷിക്കുകയുംചെയ്യുന്നതാണ് മക്കളുടെ ഐശ്വര്യത്തിനു നിദാനം. ഒപ്പം തങ്ങളും നാളെ ഈ വഴിയിലൂടെ തന്നെ എന്ന് ഓർക്കന്നതും നല്ലതുതന്നെ. മനുഷ്യൻ വിതയ്ക്കുന്നത് തന്നെ കൊയ്യും എന്നാണല്ലോ ബൈബിൾ വചനം.



**Dr. Mathew Varghese,
Okalahoma**



# THE HOVERING OF THE SPIRIT

Bible gives the detailed account of the mission of the Holy Spirit in the old testament and new testament. The mission of the holy spirit occurs first in the book of Genesis. Genesis 1:1 gives an opening summary of God's creation of the entire universe. Verse 2 describes the earliest condition of the earth as tohu and bohu, shapeless and uninhabited. In the initial stage, the spirit of God (Ruham Elohim) was moving over the watery mass. The movement of the spirit of God over the water is described by the Hebrew word merahepet, which describes the hovering like an eagle over her nest.

**Hovering brings something out of nothing**

The earth was formless and empty. it was devoid of substances. The canvas had been prepared but the picture had yet to be painted in all its beauty. It was a place of nothingness. the framework had been formed but the internal features were yet to be filled in. the spirit was involved in the process of taking the potential to completed the form. The spirit was in charge from the beginning, energizing the planning and delivery of the final product through the hovering process to bring something out of nothing.

**Hovering brings life**

The is the basic mission of the spirit in many areas, including the creation. John 6:63. Throughout the Bible, the Spirit is that which makes creation live. This is true for creation as a whole, which only comes into being as God sends his Spirit in the act of creation (Ps. 33:6; 104:30), and it's even more clear for humans who only live insofar as they have the Spirit of the God in them (Job 33:4). Spirit of God gives the life to creation.

**Hovering brings order**

The holy spirit is the director of all order in creation. he is first seen brooding over the primal chaos and producing order. he is the force of all the intelligent mathematical precision in nature. Seedtime, harvest, cold, heat, summer, winter, day and night are his infinite precision and mathematical regularity. The creation is one of order. this is seen in the heavens and the earth (Isiah 40:12). Spirit of God is the intelligent administrator.

**Hovering brings beauty**

The holy spirit is the creator of the beauty. Job tells that it was the holy spirit who made splendid the heavens (Job 26:13, Psalms 33;6). Mathew Henry comments that the spirit not only made the heavens but beautified them: has curiously bespangled them with stars by night and painted them with the light of the sun by day. The spirit is the creator of all the beautiful richness of all color and form in the living and non-living beings in the universe. Spirit of God is the designer.

**Hovering brings care and protection**

The phrase like an eagle stirs up nest appear in the context of care and protection. The vibrant presence of the spirit with his outstretched wings of care. God is clearly present to creation as he shapes and molds it for his purposes. The Ruhah brood, as a mother bird broods over the eggs. She waited patiently over the nest and held her outstretched wings over the nest and would flutter so slightly and keep the temperature of love. This magnifi-cent metaphor reveals the tireless effort, the care and the love that was exhibited at that moment. Spirit of God is the caretaker. *(Cont... page 13)*

# എതിർക്കപ്പെടാത്ത മാന്യത വസ്ത്രധാരണതിലും വേണം



ജെ പി വെണ്ണിക്കുളം

സ്ത്രീകൾ ജീൻസ് ധരിക്കുന്നതിനെതിരെ ഗായകൻ യേശുദാസ് ചില നാളുകൾക്കു മുൻപ് പറഞ്ഞ പരാമർശങ്ങളെ ചുവടുപിടിച്ചു മലയാളി സമൂഹം ഒന്നടങ്കം പ്രതികരിച്ചത് നമ്മൾ മറന്നിട്ടുണ്ടാകില്ല.. അവ സമ്മിശ്ര പ്രതികരണങ്ങൾ ആണെന്നത് ശ്രദ്ധേയമാണ്. മറച്ചുവക്കേണ്ടവ മറച്ചുതന്നെ വക്കേണം എന്നായിരുന്നു യേശുദാസിന്റെ പ്രസ്താവന. സൌമ്യതയാണ് സ്ത്രീയുടെ സൌന്ദര്യം എന്നും നമുക്കുപറ്റിയ വസ്ത്രങ്ങൾ മാത്രമേ ധരിക്കാവൂ എന്നുമാണ് അദ്ദേഹം പറഞ്ഞത്.

യേശുദാസിനെപ്പോലെ എല്ലാവരും ആദരിക്കുന്ന ഒരു വ്യക്തിയിൽ നിന്നും വന്ന പ്രസ്താവന ഉഷാ ഉതുപ്പിനെയും അദ്ഭുതപ്പെടുത്തി. ഗായകനായ അദ്ദേഹം അതിൽ മാത്രം ശ്രദ്ധിച്ചാൽ പോരെ എന്നും തങ്ങളുടെ കാര്യത്തിൽ എന്തിനു ഇടപെടണമെന്നും ഒരുകൂട്ടർ ശബ്ദമുയർത്തുമ്പോൾ നാം ശ്രദ്ധിക്കാതെ പോകുന്ന വിഷയങ്ങൾ വസ്തുനിഷ്ഠമായി മനസിലാക്കി പ്രതികരിക്കേണ്ടത് മാന്യതയുടെ അതിർവരമ്പുകളിൽ നിന്നു കൊണ്ടായിരിക്കണം.

ഓരോ നാടിനും ഭാഷയ്ക്കും അനുസൃതമായി പൈതൃകങ്ങളുണ്ട്. വ്യത്യസ്ത സംസ്കാരത്തിലും ജാതിയിലും മതത്തിലും പെട്ടവർ വിഭിന്നമായ വേഷങ്ങൾ ധരിക്കാറുണ്ട്. ഇവിടെ എല്ലാവരും ഒരേ വസ്ത്രം തന്നെ ധരിക്കണമെന്ന പിടിവാശി നടക്കില്ല. അതതു സമൂഹത്തിന്റെ സാംസ്കാരികത്തനിമ നിലനിർത്തുന്നതിൽ വസ്ത്രത്തിനും പങ്കുണ്ട്.

മലയാളികളുടെ പരമ്പരാഗത വസ്ത്രങ്ങളായ മുണ്ടും സെറ്റുസാരിയും ചട്ടയും മുണ്ടും എല്ലാം ഇന്നത്തെ മലയാളികൾ തുലോം ചുരുക്കമായി മാത്രമേ ഉപയോഗിക്കാറുള്ളൂ എന്നത് നമ്മിൽ എത്രപേർ ശ്രദ്ധിച്ചിട്ടുണ്ട്. നാടോടുമ്പോൾ നടുവേ ഓടുന്ന നമ്മൾ പാശ്ചാത്യ സംസ്കാരത്തെ കണ്ടപ്പോൾ വല്ലാതെ വാരിപ്പുണർന്നു. അതിനായി തനതായ മലയാളി സംസ്കാരത്തെ നാം തള്ളിപ്പറഞ്ഞു. മുണ്ടിന്റെ സ്ഥാനത് ഇപ്പോൾ പാന്റ്സ് ആയപ്പോൾ കുറച്ചുകൂടി സൌകര്യപ്രദമായി. ബ്ളൌസും പാവാടയും ധരിച്ചിരുന്ന സ്ഥാനത് ചുരിദാർ വന്നപ്പോൾ നമ്മൾക്ക് സന്തോഷമായി. ആ സ്ഥാനത്താണ് ടീഷർട്ടും ജീൻസും രംഗപ്രവേശം ചെയ്തത്. ഇത് പുരുഷന്മാർ ചുരുക്കമായി മാത്രമേ ധരിക്കാറുള്ളൂ. പക്ഷെ സ്ത്രീകൾ അതിനെ വല്ലാതെ സ്നേഹിക്കുന്നു! പുരുഷന്മാർ ഇറുകിയ ജീൻസ് ഇട്ടാൽ ആരും ഒരുപക്ഷെ കാര്യമാക്കാറില്ല. എന്നാൽ ലോവെസ്റ്റ് ജീൻസിട്ടാൽ അടിവസ്ത്ര കമ്പനിയുടെ പരസ്യമാകും. സ്ത്രീകള് ഇത് ധരിച്ചാൽ ശരീരത്തിന്റെ ഒത്തവടിവ് കാണും. ഈ വസ്ത്രങ്ങൾ ധരിക്കുന്നത് ശരീരത്തെ പ്രദർശിപ്പിക്കാനാണോ നഗ്നത മറയ്ക്കുവാനാണോ എന്നു നാം ചിന്തിക്കാറേയില്ല. ടീഷർട്ടിനു ഇറക്കം കുറഞ്ഞാൽ കൈ ചലിപ്പിക്കുമ്പോൾ സ്വാഭാവികമായും സ്വകാര്യതകൾ പ്രത്യക്ഷപ്പെടാം. അപരന്റെ കൂർത്തുമൂർത്ത കണ്ണുകൾ നിങ്ങളുടെ സ്വകാര്യതയിലേക്ക് ആകും. സാരിയും നല്ലതുതന്നെ. എന്നാൽ അതും ശരിയായി മറച്ചില്ലെങ്കിൽ പ്രദർശനവസ്തു ആകും. ബ്ലൌസിന്റെ കഴുത്ത് താഴെക്കിറങ്ങുന്നതും ജനാല വയ്ക്കുന്നതും സ്ലീവ് ലെസ് ഇടുന്നതും ആരെ ആകർഷിക്കാനാണ്? ഇങ്ങനെ പോകുന്നു ഇന്നത്തെ ഫാഷനുകൾ...

നാം ദൈവത്തിന്റെ മന്ദിരമാണ് (1 കൊരി. 3:16, 17) എന്ന് ബൈബിൾ പറയുന്നു. നമ്മുടെ വസ്ത്രധാരണത്തിൽക്കൂടെപോലും അതിനെ അശുദ്ധമാക്കാൻ പാടില്ല. അലക്ഷ്യമായി വസ്ത്രം ധരിക്കുന്നതിൽ പോലും പാപമുണ്ട്. സ്ത്രീകൾ ലജ്ജാശീലമുള്ളവർ ആകെണമെന്ന് പൗലോസ് പറയുന്നു. പെന്തെകൊസ്ത് വിവാഹവേളയിൽ വായിക്കുന്ന വേദഭാഗങ്ങൾ ഓർക്കുമല്ലോ? സൗമ്യതയും സാവധാനതയും സ്ത്രീകളിൽ കാണേണ്ട ഗുണങ്ങളാണ്. അത് വസ്ത്രത്തിലും പ്രകടമാകണം. ഇതിനെ ഉപദേശിക്കുന്നവർ പഴഞ്ചനായാലും ദൈവവചനം എന്നും നിലനില്ക്കുന്നതാണ്.

ബൈബിൾകാലത്തെ വസ്ത്രങ്ങളെല്ലാം പൂർണ്ണമായി മറഞ്ഞിരുന്നവയായിരുന്നല്ലോ. അപ്പോൾ ത്തന്നെ വെവ്വേറെ വസ്ത്രരീതികളും ഉണ്ടായിരുന്നു. അതുകൊണ്ടാണ് ആവർ. 22:5 ൽ പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത് എന്ന് പറഞ്ഞിരിക്കുന്നത്. ആട്ടുരോമവും ചണവും കൂടിക്കലർന്ന വസ്ത്രം ധരിക്കരുതെന്ന് 22:911 വരെ കാണാം. ലേവ്യ. 19:19 ലും പറയുന്നത് രണ്ടുവക സാധനം കലർന്ന വസ്ത്രം ധരിക്കരുത് എന്ന്. പുതിയനിയമത്തിൽ 1 തിമോ. 2:9, 10 വായിക്കുക. ' സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലതോടും സുബോധതോടും കൂടെ തങ്ങളെ അലങ്കരിക്കണം'. പിന്നിയ തലമുടി, പൊന്നു, മുത്ത്, വിലയേറിയ വസ്ത്രം ഇതൊന്നുമല്ല വേണ്ടത് പിന്നയോ മുകളിൽ പറഞ്ഞവ തന്നെ.

1 പത്രോസ് 3:25 വരെ വായിക്കുമ്പോൾ സൌമ്യതയും ശാന്തതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണം തന്നെവേണം എന്ന് കാണാം. ഇങ്ങനെയല്ലോ പണ്ട് ദൈവത്തിൽ പ്രത്യാശവച്ചിരുന്ന സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചു ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്. ഇന്നത് സാധിക്കാതത്തിന്റെ കാരണവും ഈ വാക്യത്തിൽത്തന്നെ കാണാം.

പുരുഷമേധാവിത്വം എല്ലാകാലത്തും കാണാം. സ്ത്രീപുരുഷ സമത്വം പൌലോസും ആഗ്രഹിച്ചിരുന്നതായി വായിക്കുന്നുണ്ടല്ലോ ( ഗലാ.3:2629). അതുകൊണ്ട് വസ്ത്രധാരണവും ഒന്നാകണമെന്നു അർത്ഥമില്ല. ആരാധനയിൽ സ്ത്രീകൾ മൂടുപടം ധരിക്കണമെന്ന് 1 കൊരി. 7:1 ൽ കാണാം. 1 കോരി. 11:47 കൂടി ചേർത്ത് വായിക്കുക. പുരുഷൻ ദൈവമുൻപാകെ വരുമ്പോൾ തലയിൽ മൂടുപടം പാടില്ല. ജാതീയ സംസ്കാരത്തിൽ ഇതുണ്ടായിരുന്നു എന്നാണ് മനസിലാക്കേണ്ടത്. യഹൂദ സ്ത്രീകൾ സാധാരണ മൂടുപടം ധരിക്കാറില്ല. എന്നാൽ യവനായറോമാ സ്ത്രീകൾ ധരിക്കുമായിരുന്നു. മൂടുപടം ധരിക്കുന്നത് ഭർതാക്കന്മാരോടുള്ള ബഹുമാനത്തിന്റെയും മാന്യതയുടെയും സൂചനയാണ്. അത് ധരിക്കാതെ ആലയത്തിൽ വരുന്ന സ്ത്രീകൾ പുരുഷനെ അപമാനിക്കുന്നു. അതല്ലെങ്കിൽ മു

(ശേഷം പേജ് 14)

# ശാരോൻ ഫെലോഷിപ്പ് ചർച്ച്, തിരുവല്ല

## പ്രത്യേക അറിയിപ്പുകൾ

### ശ്രീ. മനോജ് ബാബു

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ നിരണം പ്രാദേശിക സഭാ ശുശ്രൂഷകനായിരുന്ന ശ്രീ. മനോജ് ബാബു (മുള്ളനാംകുഴിയിൽ വീട്, വെട്ടിപ്പുറം പി.ഒ, പത്തനംതിട്ട) എന്ന ആൾ ടി സഭാ ശുശ്രൂഷകന്റെ ചുമതലകൾ നിർവ്വഹിച്ചു വരവെ 10.12.2017 മുതൽ സഭാ കൗൺസിലിന്റെയോ സഭാ ഭാരവാഹികളുടെയോ യാതൊരു അനുമതിയുമില്ലാതെ ടി സഭാഹാളും പാഴ്സനേജും വിട്ടൊഴിഞ്ഞു പോയിട്ടുള്ളതും ടി വിവരം നിരണം പ്രാദേശിക സഭാ വിശ്വാസികളിൽ നിന്നും സഭാ കൗൺസിൽ മനസ്സിലാക്കിയിട്ടുള്ളതും, ആയത് ശരി എന്ന് അന്വേഷണത്തിൽ കൗൺസിലിനു ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ, ടി മനോജ് ബാബു എന്ന ആളിന് 10.12.2017 മുതൽ ശാരോൻ ഫെലോഷിപ്പ് ചർച്ചുമായി യാതൊരു ബന്ധവുമില്ലാത്തതും ഇയാളുടെ പ്രവർത്തികൾക്ക് സഭ ഉത്തരവാദി ആയിരിക്കുന്നതുമല്ല എന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

### ഇവാ എം. എസ് സന്തോഷ്

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ തിരുവനന്തപുരം റീജിയണിൽ നെടുമങ്ങാട് സെന്ററിൽപ്പെട്ട പട്ടകുളം പ്രാദേശിക സഭയിൽ സഹശുശ്രൂഷകനായി സേവനം അനുഷ്ഠിച്ചു വരുന്ന ഇവാ എം. എസ് സന്തോഷ് സഭയുടെ പരമാധകാര സമിതിയുടെ തീരുമാനങ്ങൾ ധിക്കരിച്ചും സഭാ കൗൺസിലിന്റെ ഉത്തരവുകളെ തുടർച്ചയായി ലംഘിച്ചും വരുന്നതായി സഭാ കൗൺസിലിന് ഉത്തമബോധ്യം വന്നിട്ടുള്ളതിനാൽ 26-10-2017 മുതൽ ടി.എം.എസ് സന്തോഷിനെ സഭാ ശുശ്രൂഷയിൽ നിന്നും നീക്കം ചെയ്ത് അറിയിച്ചിരുന്നതാണ്.

എന്നാൽ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക നാമം ദുരുപയോഗം ചെയ്ത് ടി സന്തോഷ് പ്രവർത്തിച്ചുവരുന്നതായി അറിയുന്നു. അദ്ദേഹത്തിന്റെ യാതൊരു പ്രവർത്തികൾക്കും സഭാ കൗൺസിൽ ഉത്തരവാദിയായിരിക്കയില്ല എന്ന വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

29.12.2017 ൽ കൂടിയ ശാരോൻ ഫെലോഷിപ്പ് ചർച്ച് കൗൺസിലിന്റെ തീരുമാനപ്രകാരം അറിയിക്കുന്നത്.

തിരുവല്ലാ ആസ്ഥാനമായി പ്രവർത്തിക്കുന്ന "ശാരോൻ ഫെലോഷിപ്പ് ചർച്ചിന്" മൂന്നു കൂടിവരവുകളാണ് കുവൈറ്റിലുള്ളത്. പാസ്റ്റർ പി. എ.അനിയൻ (കുവൈറ്റ്) പാസ്റ്റർ മനു കുര്യൻ (മംഗപാസ്റ്റർ മനു കുര്യൻ (മംഗഫ്), പാസ്റ്റർ റജി ചാക്കോ (പ്ഫാഹേൽ-മംഗഫ്) എന്നിവർ ശുശ്രൂഷകന്മാരായിരിക്കുന്ന കൂടിവരവുകളാണവ.

### പാസ്റ്റർ അജി തോമസ്

എന്നാൽ, ശാരോൻ ഫെലോഷിപ്പ് ചർച്ച് കൗൺസിലിനു വിധേയപ്പെടാതെ നിന്ന ഒരു കൂട്ടം വിശ്വാസികളുടെ നേതൃത്വം ഏകപക്ഷീയമായി ഏറ്റെടുത്ത് പ്രവർത്തിച്ചിരുന്ന പാസ്റ്റർ അജി തോമസ് കൗൺസിലിന്റെ നിർദ്ദേശങ്ങളും ഉത്തരവുകളും അവഗണിച്ചും ലംഘിച്ചും പ്രവർത്തിച്ചു വന്നിരുന്നതിനെ തുടർന്ന് 05.12. 2017-ൽ കൂടിയ സഭാ കൗൺസിൽ പാസ്റ്റർ അജി തോമസിനെ ഫെലോഷിപ്പിന്റെ എല്ലാ ആത്മീക ശുശ്രൂഷകളിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതും ഫെലോഷിപ്പിൽ നിന്നും അദ്ദേഹത്തിനു നല്കിയിരുന്ന 'ഓഡിനേഷൻ' റദ്ദുചെയ്തിട്ടുള്ളതും, ആയത് അന്നേദിവസം ടി അജിതോമസിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ്. എങ്കിലും, ശാരോൻ ഫെലോഷിപ്പ് സഭാ ശുശ്രൂഷകൻ എന്ന വ്യാജേന ടി അജി തോമസ് അവിടെ തുടരുന്നതായി അറിയുന്നു. അദ്ദേഹത്തെ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആത്മീകവും ഭൗതീകവുമായ യാതൊരു വിഷയങ്ങളിലും ഇടപെടുന്നതിൽ നിന്നും പൂർണ്ണമായി നീക്കം ചെയ്തിട്ടുള്ളതാണ് എന്ന വിവരം വിശ്വാസമൂഹത്തെ ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

# ജനറൽ കൺവൻഷൻ 2017

ദൈവത്തിനു മഹത്വം

പ്രിയ പാസ്റ്റർക്കും സഭയ്ക്കും യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹവന്ദനം

ദൈവകൃപയാലും നിങ്ങളേവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയാലും സഹകരണത്താലും 2017-ലെ നമ്മുടെ ജനറൽ കൺവൻഷൻ നവംബർ 27 തിങ്കൾ മുതൽ ഡിസംബർ 3 ഞായർ വരെ ദിവസങ്ങളിൽ വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ നടത്തുവാൻ ഇടയായി. കൗൺസിൽ അംഗങ്ങളും കൺവൻഷൻ ഭാരവാഹികളും ആത്മാർത്ഥതയോടെ പ്രവർത്തിച്ചതിനാൽ പ്രാർത്ഥന കേൾക്കുന്ന ദൈവം കൺവൻഷനെ വലിയ വിജയമാക്കിത്തീർത്തു. നവംബർ 27-ാം തീയതി വൈകിട്ട് സഭാ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ് പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ സമാപന നിമിഷം വരെയും പരിശുദ്ധാത്മാവിന്റെ പരിവർത്തനം അനുഭവവേദ്യമായിരുന്നു. പകലും രാത്രിയിലുമായി നടന്ന സമ്മേളനങ്ങളിൽ അഭിഷിക്തന്മാരായ കർത്തൃദാസന്മാരുടെ ശുശ്രൂഷകൾ കൺവൻഷനിൽ സംബന്ധിച്ച ദൈവജനത്തിന് അനുഗ്രഹമായിരുന്നു. അനേകർ കർത്താവിനെ കണ്ടെത്തുവാനും, നിരവധിപേർ സുവിശേഷവേലയ്ക്ക് സമർപ്പിക്കപ്പെടുവാനും, 8 പേർ വിശ്വാസസ്നാനം സ്വീകരിച്ച് സഭയോടു ചേരുവാനും, സഭാജനങ്ങൾ പൊതുവെ ആത്മീയമായി ഉണർത്തപ്പെടുവാനും കൺവൻ.ൻ മുഖാന്തിരമായി എന്ന വസ്തുത ദൈവനാമമഹത്വത്തിനായി രേഖപ്പെടുത്തുന്നു.

ലഭിച്ച കണക്കുകൾപ്രകാരം, ഒരു ചെറിയ തുക മിച്ചം ഉണ്ടാകത്തക്കവിധം സഭാ ശുശ്രൂഷകന്മാരും സഭാജനങ്ങളും കൺവൻഷൻ ചെലവുകൾക്കായി സാമ്പത്തിക സഹായം നൽകി. സഹകരിച്ച എല്ലാ ദൈവജന

(ശേഷം പേജ് 16)

# ആത്മസാന്നിധ്യമിറങ്ങിയ ജനറൽ കൺവൻഷൻ




**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ജനറൽ കൺവൻഷൻ നവംബർ 27 തിങ്കൾ മുതൽ ഡിസംബർ 3 ഞായർ വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽവെച്ച് നടന്നു. തിങ്കളാഴ്ച വൈകിട്ട് 6.0 ന് സഭാപ്രസിഡന്റ് റവ. ജോൺ തോമസ് ഉദ്ഘാടനം ചെയ്തു. ഇന്നത്തെ കാലഘട്ടത്തിൽ പരിശുദ്ധാത്മശക്തിയുടെ സാന്നിധ്യമാണ് വിശ്വാസസമൂഹത്തിന് അനിവാര്യമായിരിക്കുന്നത്. വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്ന ആത്മാവിന് ഏത് തകർന്ന സാഹചര്യങ്ങളെയും വ്യത്യസ്തപ്പെടുത്താൻ കഴിയും. ജീവദായകവും ശക്തദായകവുമായ ദൈവാത്മാവിന് പ്രവർത്തന സ്വാതന്ത്ര്യം സഭകളിൽ ഉണ്ടാകുമ്പോഴാണ് ആത്മാക്കൾ സഭയിലേക്ക് ആകർഷിക്കപ്പെടുന്നത്. ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു. പാസ്റ്റർ പി.ജി. ജേക്കബ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം ജോസഫ് സങ്കിർത്തന വായനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ കോശി ഉമ്മൻ പ്രസംഗിച്ചു.

ചൊവ്വ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 7.30 മുതൽ 8.30 വരെ ബൈബിൾ സ്റ്റഡി നടന്നു. പാസ്റ്റർമാരായ പി.വി.സജി, കെ.വി. ഷാജു, ഫിലിപ്പ് ഏബ്രഹാം, ജോൺ, വർഗീസ്, പി.വി. ബെന്നി തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. ചൊവ്വാ മുതൽ വ്യാഴം വരെ പകൽ നടന്ന പാസ്റ്റേഴ്സ് മീറ്റിംഗിൽ അഡ്വ. ദിലീപ് മത്തായി പാസ്റ്റർമാരായ സാം കെ. ജേക്കബ്, കെ.വി. ജോർജ്ജുകുട്ടി, സി.വി. ഏബ്രഹാം, പി.എം. ജോൺ, റ്റി.പി. ഏബ്രഹാം, റ്റി.ജി. കോശി, ജോൺ തോമസ്, ജോൺസൺ കെ. സാമുവേൽ, ഏബ്രഹാം ജോസഫ്, ചെറിയാൻ മാത്യു, ബി.ജെ. ക്രിസ്തുദാസ്, തോമസ് ഏബ്രഹാം, സാബു പോൾ തുടങ്ങിയവർ പ്രസംഗിച്ചു. ഓർഡിനേഷൻ ശുശ്രൂഷയും ഇതോടനുബന്ധിച്ച് നടന്നു. വെള്ളിയാഴ്ച പകലും മറ്റ് ദിവസങ്ങളിൽ ഉച്ചകഴിഞ്ഞും നടന്ന പൊതുയോഗങ്ങളിൽ പാസ്റ്റർമാരായ സജു പുന്നൂസ്, ജോൺ നൈനാൻ, വി.എം. ജോസഫ്, സി.എം. സാബു, വിൽസൻ പി. ജോർജ്ജ്, അനിയൻകുഞ്ഞ് സാമുവൽ, റെജി ചാക്കോ, ബൻസൺ ഡാനിയേൽ, ജേക്കബ് ജോൺ, മനു കുര്യൻ, റോയി ചെറിയാൻ, കെ.വി. ദാനിയേലുകുട്ടി, വർഗീസ് ജോഷ്വാ, സാം തോമസ്, കെ.റ്റി. വർഗീസ്, പി.എസ്. ജോണി തുടങ്ങിയവർ പ്രസംഗിച്ചു.

ശനിയാഴ്ച നടന്ന സി.ഇ.എം., സൺഡേസ്കൂൾ സംയുക്ത സമ്മേളനത്തിൽ റവ. മാത്യു വർഗീസും സഹോദരീസമ്മേളനത്തിൽ സിസ്റ്റർ മേഴ്സി മാത്യുവും സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് നടന്ന മിഷൻ കോൺഫറൻസിൽ പാസ്റ്റർമാരായ കെ.സൂര്യൻ, ക്രാന്തികുമാർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. വൈകുന്നേരങ്ങളിൽ നടന്ന പൊതുയോഗങ്ങളിൽ പാസ്റ്റർമാരായ കുര്യൻ മാത്യു, സാം റ്റി. മുഖത്തല, ജേക്കബ് സാമുവൽ, ജോൺ ജോൺസൻ, ദാനിയേൽ വില്യംസ്, മാത്യു വർഗീസ്, സാം തോമസ്, ബന്നിസൺ മത്തായി, ഫിന്നി ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

ഞായറാഴ്ച രാവിലെ നടന്ന സ്നാന ശുശ്രൂഷയ്ക്ക് പാസ്റ്റർമാരായ ലാലു ഈപ്പൻ, ജേക്കബ് ജോർജ്ജ്, റ്റി.ഐ. ഏബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി. തുടർന്ന് നടന്ന സംയുക്ത ആരാധനയ്ക്ക് പാസ്റ്റർ പി.വി. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ പി.എം. ജോൺ സങ്കീർത്തനം വായിച്ചു. റവ. ജോൺ ജോൺസൺ പ്രസംഗിച്ചു. റവ. ജോൺ തോമസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അതോടനുബന്ധിച്ചു നടന്ന സമാപന സമ്മേളനത്തിൽ റവ. രാജേഷ്, ഡോ. റ്റി.പി. ഏബ്രഹാം, ഡോ. റ്റി.ജി. കോശി, റവ. ജോൺ തോമസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ഏബ്രഹാം ജോസഫ് കൃതജ്ഞത രേഖപ്പെടുത്തി. ബ്രദർ എം.കെ. കുര്യൻ പ്രസ്താവന നടത്തി.

പരിവർത്തിക്കുന്ന ആത്മാവ് എന്നതായിരുന്നു ഈ വർഷത്തെ തീം. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.



# സി.ഇ.എം. വജ്രജൂബിലി ജനറൽ ക്യാമ്പ് സമാപിച്ചു




തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ (സിഇഎം) വജ്രജൂബിലി ജനറൽ ക്യാമ്പ് ഡിസംബർ 25 മുതൽ 27 വരെ കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിൽവെച്ച് നടത്തപ്പെട്ടു.

25-ാം തീയതി രാവിലെ 9.30 ന് ജനറൽ സെക്രട്ടറി പാസ്റ്റർ ജോർജ്ജ് മുണ്ടകന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിച്ചു. സഭാ മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഫിന്നി ജേക്കബ് മുഖ്യ സന്ദേശം നൽകി. സി.ഇ.എം ജോ. സെക്രട്ടറി ബ്രദർ നിഖിൽ സേവ്യർ സ്വാഗതവും ജനറൽ കോ-ഓർഡിനേറ്റർ പാസ്റ്റർ ജോമോൻ ജോസഫ് ക്യാമ്പ് നിർദ്ദേശങ്ങളും നല്കുകയുണ്ടായി. പാസ്റ്റർമാരായ കെ.റ്റി. തോമസ്, ജോൺ ജേക്കബ്, ബോസ് എം. കുരുവിള, ഡാനിയേൽ കുട്ടി കെ.വി, പി.എ. ചാക്കോച്ചൻ, സാം കോശി, സിസ്റ്റർ സൗമിനി ഫിന്നി, സിസ്റ്റർ ഏലിയാമ്മ കോശി എന്നിവർ ആശംസകൾ അറിയിച്ചു.

1350 ൽ അധികം ആളുകൾ പങ്കെടുത്ത ക്യാമ്പിൽ സിഇഎം ത്രിദിന വാർഷിക ക്യാമ്പുകളിൽ ഏറ്റവും അധികം ആളുകൾ പങ്കെടുത്ത ക്യാമ്പായി മാറ്റപ്പെട്ടു. 'രൂപാന്തരം' എന്ന വിഷയത്തെ ആസ്പദമാക്കി, വിവിധ സെക്ഷനുകളിലായി റവ. ഡോ. മാത്യൂസ് വറുഗിസ്, ഡോ. എബി പി. മാത്യു, സുവി. സാജൻ ജോയി, റവ. സാം കെ. ജേക്കബ്, സുവി. ജിഫി യോഹന്നാൻ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. സിഇഎം കിഡ്സ് ക്യാമ്പിന് ട്രാൻസ്ഫോർമേഴ്സ് ഇന്ത്യ നേതൃത്വം നൽകി. അനുഗ്രഹീത ആരാധനാ നിമിഷങ്ങൾ ഡോ. ബ്ലസൻ മേമന, സുവി. ലോഡ്സൺ ആന്റണി, സുവി. സ്റ്റാൻലി മാത്യു, ജോമോൻ തുടങ്ങിയവർ നിയന്ത്രിച്ചു.

ഗ്രൂപ്പ് തിരിഞ്ഞുള്ള കൗൺസലിംഗ് ക്ലാസുകൾ ഡോ. ജയിംസ് ജോർജ് വെൺമണി, പാസ്റ്റർ ഏബ്രഹാം മന്ദമരുതി, സിസ്റ്റർ സ്നേഹാ സേവ്യർ എന്നിവർ നയിച്ചു. രാവിലെയുള്ള ബൈബിൾ ക്ലാസുകൾക്ക് മുൻ ഭാരവാഹികൾ നേതൃത്വം നൽകി. ആത്മാഭിഷേകത്തിനായുള്ള കാത്തിരിപ്പു യോഗത്തിന് പാസ്റ്റർ അജോയ് ജോണും പാസ്റ്റർ സജു മാവേലിക്കരയും നേതൃത്വം കൊടുത്തു.

ക്യാമ്പിൽ ഉടനീളം അനുഭവിച്ച ദൈവസാന്നിദ്ധ്യത്തിന്റെ ഫലമായി 300-ൽ അധികം യുവജനങ്ങൾ കർത്തൃവേലയ്ക്കായി സമർപ്പിക്കപ്പെട്ടു. ജൂനിയർ ക്യാമ്പിൽ ഉൾപ്പെടെ 40 കുഞ്ഞുങ്ങൾ കർത്താവിന്റെ കല്പനയാകുന്ന സ്നാനം സ്വീകരിപ്പാൻ തീരുമാനിച്ചു. എണ്ണി തിട്ടപ്പെടുത്തുവാൻ കഴിയാത്തത്ര കുട്ടികൾ ആത്മാവിൽ നിറഞ്ഞ് ആരാധിച്ചു. ബുധനാഴ്ച നടന്ന സമാപന സമ്മേളനത്തിൽ സിഇഎം വൈസ് പ്രസിഡന്റ് പാസ്റ്റർ സോവി മാത്യു അദ്ധ്യക്ഷനായിരുന്നു.

സഭയുടെ സീനിയർ ജനറൽ മിനിസ്റ്ററായ റവ. ഡോ. റ്റി.ജി. കോശി, പാസ്റ്റർമാരായ ഫിലിപ്പ് ഏബ്രഹാം, ജോർജ്ജ് മുണ്ടകൻ എന്നിവർ സംസാരിച്ചു. സുവി. എബി ബേബി (ജനറൽ ട്രഷറാർ) കൃതജ്ഞത അറിയിച്ചു.

മനോഹരമായ ക്യാമ്പസും വിഭവസമൃദ്ധമായ ഭക്ഷണവും ക്യാമ്പ് അംഗങ്ങൾക്ക് യാത്ര സൗകര്യത്തിനായി വാഹനക്രമീകരണവും ക്യാമ്പിന്റെ പ്രത്യേകതയായിരുന്നു. സിഇഎം ജനറൽ, എക്സിക്യൂട്ടീവ് കമ്മറ്റികളുടെ കൂട്ടായ പ്രവർത്തനങ്ങളും പ്രാർത്ഥനയും ദൈവദാസന്മാരുടെ നിർദ്ദേശങ്ങളും ദൈവജനത്തിന്റെ സഹകരണവും 60-ാമത് സിഇഎം ക്യാമ്പിനെ ഒരു ചരിത്ര സംഭവമാക്കി മാറ്റി.

## THE HOVERING OF THE SPIRIT

*(from page 9)*

Ruha Elohim is brooded over the formless void of chaos, and which has brooded over the messy lives of God's people throughout history, also broods over our messy lives as well; looking for ways to bring purpose and meaning to our chaos; looking for ways to bring light and hope into our darkness; and affirming that, despite the chaos and darkness around us, that creation is good and lovely and something to be cherished. And all because of the Spirit of God— the breath of God— broods and hovers over us all like a tender mother. Spirit of God is moving to bring life, order, beauty, care and growth in our present-day situation.

# നാഷണൽ കോൺഫറൻസ് സ്കോണ്ട്രെന്റിൽ



ഇംഗ്ലണ്ട്: ശാരോൻ ഫെലോഷിപ്പ് ചർച്ച് യു.കെ.യുടെ പന്ത്രണ്ടാമത് നാഷണൽ കോൺഫറൻസ് മാർച്ച് 3,4 തീയതികളിൽ സ്റ്റോക്കോണ്ട്രെന്റ് ക്ലേയ്റ്റൺ ഹാൾ അക്കാദമിയിൽ നടക്കും. പാസ്റ്റർ ജയിംസ് സാമുവേൽ ഉദ്ഘാടനം ചെയ്യുന്ന കോൺഫറൻസിൽ പാസ്റ്റർ കെ. ജെ. തോമസ്, കുമളി മുഖ്യ പ്രഭാഷണം നടത്തും. യേശുക്രിസ്തുവിന്റെ പ്രത്യാശയിലുള്ള ജീവിതം എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. 3-ാം തീയതി ശനിയാഴ്ച രാവിലെ പത്തു മുതൽ രാത്രി 9 വരെയും 4-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ 1 വരെയുമാണ് മീറ്റിംഗുകൾ നടക്കുന്നത്. ശാരോൻ നാഷണൽ ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പാസ്റ്റർ സാംകുട്ടി പാപ്പച്ചൻ സെക്രട്ടറിയായും ബ്രദർ ബിനു ബേബി പബ്ലിസിറ്റി കൺവീനറായും വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

# നേട്ടം



**തൃശ്ശൂർ:** സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് പദ്യം ചൊല്ലലിൽ എ ഗ്രേഡ് നേടിയ അനുഗ്രഹ ബി. ജോസഫ്. ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ ജനറൽ കോ-ഓർഡിനേറ്ററും തൃശ്ശൂർ ടൗൺ ശാരോൻ സഭാ ശുശ്രൂഷകനുമായ പാസ്റ്റർ ബിജു ജോസഫിന്റെയും ബ്ലസി ബിജുവിന്റെയും മകളാണ്.

# മ്യൂസിക് നൈറ്റ്




**തിരുവല്ല:** സി.ഇ.എം തിരുവല്ല സെക്ഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 6-ന് തിരുവല്ല ബിലീവേഴ്സ് യൂത്ത് സെന്ററിൽ വെച്ച് മ്യൂസിക് നൈറ്റ് നടന്നു. പാസ്റ്റർ റ്റി. എം. ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ പാസ്റ്റർ എം.എം. ജോൺ ഉദ്ഘാടനം നിർവഹിച്ചു. പാസ്റ്റർ പ്രിൻസ് തോമസ് സന്ദേശം നൽകി. ഹാർമോണിയസ് മ്യൂസിക് ബാന്റ് സംഗീതശുശ്രൂഷ നിർവഹിച്ചു. സെക്ഷൻ സി.ഇ.എം പ്രസിഡന്റ് പാസ്റ്റർ ജിവിൻ വി. ഐപ്പ്, സെക്രട്ടറി ജിതിൻ ഏബ്രഹാം, ട്രഷറാർ അലക്സ് ബേബി തുടങ്ങിയവർ നേതൃത്വം നൽകി.

# സെക്ഷൻ കൺവൻഷൻ

**ചമ്പക്കുളം:** ശാരോൻ ഫെലോഷിപ്പ് ചർച്ച് കുട്ടനാട് സെക്ഷൻ കൺവൻഷൻ ഡിസംബർ 14 മുതൽ 16 വരെ നടന്നു. പാസ്റ്റർ എം.എം. ജോൺ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർമാരായ ജോൺസൻ കെ. ശമുവേൽ, എ.വി. ജോസ്, ഷെമീർ കൊല്ലം, ബിജു ജോസഫ് എന്നിവർ പ്രസംഗിച്ചു. ശാരോൻ ക്വയർ സംഗീതശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**ചെങ്കുളം:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ചെങ്കുളം സെക്ഷൻ കൺവൻഷൻ ജനുവരി 24 മുതൽ 28 വരെ ചെങ്കുളം ശാരോൻ ഗ്രൗണ്ടിൽവെച്ചു നടക്കും. പാസ്റ്റർമാരായ റ്റി.ജി. കോശി, റ്റി.ജി. ജോർജ്ജുകുട്ടി, വർഗീസ് ഏബ്രഹാം, സാം റ്റി. മുഖത്തല, അജി ആന്റണി, തോമസ് മാമ്മൻ തുടങ്ങിയവർ പ്രസംഗിക്കും. ഫെയ്ത്ത് ഗോസ്പൽ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സഹോദരി സമ്മേളനം, പാസ്റ്റേഴ്സ്, പ്രതിപുരുഷ സമ്മേളനം, സി.ഇ.എം-സൺഡേസ്കൂൾ സമ്മേളനം, മാസയോഗം, പൊതുസഭായോഗം എന്നിവയും നടക്കും. പാസ്റ്റർ കെ.വി. ദാനിയേൽകുട്ടി നേതൃത്വം നൽകും.

# എതിർക്കപ്പെടാത്ത മാന്യത

**10-ാം പേജ് തുടർച്ച**

ടി കത്രിച്ചുകളയാൻ ബൈബിൾ പറയുന്നു

അതുകൊണ്ട് സൂക്ഷ്മതയോടെ അജ്ഞാനികൾ ആയിട്ടല്ല ജ്ഞാനികൾ ആയിട്ടുതന്നെ നടക്കണം. സുബോധമുള്ളവർ ആയിരിക്കണം. വസ്ത്രധാരണത്തിൽ ലജ്ജാശീലത നിഴലിച്ചിരിക്കണം. അതിലൂടെ മറ്റുള്ളവരെ ബഹുമാനിക്കുന്നു എന്നുകൂടി ഉറപ്പാക്കണം.

# ഫാമിലി സെമിനാർ

**തേവര:** ശാരോൻ ഫെലോഷിപ്പ് ചർച്ച് തേവര സെക്ഷൻ സി.ഇ.എം -സൺഡേസ്കൂൾ കമ്മിറ്റികളുടെ സംയുക്ത ആഭിമുഖ്യത്തിൽ ജനുവരി 26-ന് പനങ്ങാട് ശാരോൻ ഹാളിൽവെച്ച് ഫാമിലി സെമിനാർ നടക്കും. പാസ്റ്റർ സേവ്യർ ജയിംസ് ക്ലാസുകൾ നയിക്കും. പാസ്റ്റർമാരായ കെ.പി. മാത്യു, ലാലു ആർ. പോൾ, അനിയൻകുഞ്ഞ് ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകും.

# സംയുക്ത വാർഷികം

**മണിപ്പുഴ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ സി.ഇ.എം.-സൺഡേസ്കൂൾ-വനിതാസമാജത്തിന്റെ സംയുക്താഭിമുഖ്യത്തിൽ ജനുവരി 7-ന് വാർഷികം നടന്നു. പാസ്റ്റർ കുര്യൻ മാത്യു അദ്ധ്യക്ഷനായിരുന്നു. റവ. സാം കെ. ജേക്കബ് മുഖ്യ സന്ദേശം നൽകി. കുട്ടികളുടെ വിവിധ പ്രോഗ്രാമുകളും നടന്നു.

**പരുമല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ജനുവരി 7-ന് സി.ഇ.എം-സൺഡേസ്കൂൾ-വനിതാസമാജത്തിന്റെ സംയുക്താഭിമുഖ്യത്തിൽ വാർഷികം നടന്നു. ബ്രദർ റ്റി.ഒ. പൊടിക്കുഞ്ഞ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ പ്രിൻസ് എൻ.ജെ. സന്ദേശം നൽകി. കുട്ടികളുടെ വിവിധ പ്രോഗ്രാമുകളും നടന്നു.

**കാട്ടാത്താനി:** ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ഡിസംബർ 31 ന് പുത്രികാസംഘടനകളുടെ സംയുക്ത വാർഷികം നടന്നു. പാസ്റ്റർ മാമ്മൻ വർഗീസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി പ്രസംഗിച്ചു. സി.ഇ.എം. സൺഡേസ്കൂൾ അംഗങ്ങളുടെ പ്രോഗ്രാമുകൾ നടന്നു.

**കടമ്പനാട് നോർത്ത്:** ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ഡിസംബർ 25 ന് സി.ഇ.എം - സൺഡേസ്കൂൾ -വനിതാസമാജം സംയുക്ത വാർഷികം നടന്നു. പാസ്റ്റർ വി.എം. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി മുഖ്യസന്ദേശം നൽകി. വിദ്യാർത്ഥികളുടെയും സൺഡേസ്കൂൾ അദ്ധ്യാപകരുടെയും വിവിധ പ്രോഗ്രാമുകൾ നടന്നു.

**ഷാർജ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനകളായ സി.ഇ.എം ന്റെയും സൺഡേസ്കൂളിന്റെ സംയുക്ത വാർഷികം ജനുവരി 11 ന് ഷാർജ വർഷിപ്പ് സെന്ററിൽ വെച്ച് നടന്നു. പാസ്റ്റർ പി.പി. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. യു.എ.ഇ റീജിയൻ ഭാരവാഹികൾ സംബന്ധിച്ചു. കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ പ്രോഗ്രാമുകളും ഇതോടനുബന്ധിച്ച് നടന്നു.

# സെന്റർ കൺവൻഷൻ

**പാലക്കാട്:** ശാരോൻ ഫെലോഷിപ്പ് ചർച്ച് പാലക്കാട് സെന്റർ കൺവൻഷൻ ജനുവരി 26 മുതൽ 28 വരെ ഒലിപ്പാറ ശാരോൻ ഗ്രൗണ്ടിൽ വെച്ചു നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ.ആർ. ജോസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റോബിൻസൻ ഗൂഡല്ലൂർ, സജു ചാത്തന്നൂർ, അജി ആന്റണി എന്നിവർ പ്രസംഗിക്കും. ക്രിസ്ത്യൻ ബീറ്റ്സ് ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് തിരുവല്ല സെന്റർ കൺവൻഷൻ ഫെബ്രുവരി 21 മുതൽ 25 വരെ കുറ്റപ്പുഴ ശാരോൻ ഗ്രൗണ്ടിൽവെച്ചു നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എം.എം. ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഫിന്നി ജേക്കബ്, സാം റ്റി മുഖത്തല, കെ.ജെ. തോമസ്, അനീഷ് ഏലപ്പാറ, പ്രിൻസ് തോമസ്, ബിജു ജോസഫ് തുടങ്ങിയവർ പ്രസംഗിക്കും. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും. കൺവൻഷനോടനുബന്ധിച്ച് വനിതാ സമ്മേളനം, സി.ഇ.എം., സൺഡേസ്കൂൾ സംയുക്ത സമ്മേളനം, സംയുക്ത സഭായോഗം എന്നിവയും നടക്കും.

**പത്തനംതിട്ട:** ശാരോൻ ഫെല്ലോഷിപ് ചർച്ച് പത്തനംതിട്ട സെന്റർ കൺവൻഷൻ ഫെബ്രുവരി 1 മുതൽ 4 വരെ വയ്യാറ്റുപുഴ ശാരോൻ ചർച്ച് ഗ്രൗണ്ടിൽ വച്ചു നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ വി ജെ തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ എബി എബ്രഹാം, ജോർജ് മാത്യു പുതുപ്പള്ളി, ഡോ. ബി. വർഗീസ് തുടങ്ങിയവർ പ്രസംഗിക്കും. റാന്നി ലിവിങ് മ്യൂസിക് ഗാനങ്ങൾ ആലപിക്കും.

**തൃശൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് തൃശൂർ സെന്റർ കൺവൻഷൻ ഫെബ്രുവരി 1 മുതൽ 4 വരെ പറവട്ടാനി ശാരോൻ ഗ്രൗണ്ടിൽ വെച്ചു നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ.ജെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. റവ. റ്റി.ജി. കോശി, പാസ്റ്റർമാരായ ജോസഫ് റ്റി. ജോസഫ്, റോയി ചെറിയാൻ, രാജേഷ് ഏലപ്പാറ, സാം റ്റി. മുഖത്തല, ബാബു ചെറിയാൻ തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. പാസ്റ്റേഴ്സ് ഫാമിലി മീറ്റിംഗ്, പൊതുയോഗങ്ങൾ, സി.ഇ.എം. സൺഡേസ്കൂൾ സംയുക്ത സമ്മേളനം, പൊതുസഭായോഗം എന്നിവയും കൺവൻഷനോടനുബന്ധിച്ചു നടക്കും. ശാരോൻ വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും.

**മാവേലിക്കര:** ശാരോൻ ഫെലോഷിപ്പി ചർച്ച് മാവേലിക്കര സെന്റർ കൺവൻഷൻ ജനുവരി 25 മുതൽ 28 വരെ പ്രെയ്സ് സിറ്റി ചർച്ചിൽ വച്ച് നടക്കും. സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ ഫിന്നി ജേക്കബ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വർഗീസ് ജോഷ്വാ, കോശി ഉമ്മൻ, റോയി ചെറിയാൻ, ജോജു തോമസ് തുടങ്ങിയവർ പ്രസംഗിക്കും. ശാരോൻ വോയിസ് ഗാനങ്ങൾ ആലപിക്കും.

## ഉപവാസ പ്രാർത്ഥന

**തേവര:** ശാരോൻ ഫെലോഷിപ്പ് ചർച്ച് തേവര സെക്ഷന്റെ ആഭിമുഖ്യത്തിൽ ജനുവരി 8 മുതൽ 13 വരെ സെക്ഷനിലെ വിവിധ സഭകളിൽ വെച്ച് ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർമാരായ രാജു, തോമസുകുട്ടി, ലാലു ആർ. പോൾ, അനിയൻകുഞ്ഞ് ജോർജ്, എം.ഡി. തോമസ്, തോമസ് ബേബി, കെ.പി. മാത്യു തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

**മാവേലിക്കര:** പരിമണം ശാരോൻ ഫെല്ലോഷിപ് ചർച്ചിൽ ഡിസംബർ 28 -30 വരെ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർ സാം ടി മുഖത്തല, പാസ്റ്റർ ബിനു ഡൊമിനിക്, സിസ്റ്റർ ലിസാമോൾ സുബി തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ജെ പി വെണ്ണിക്കുളം ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**കുറ്റപ്പുഴ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ജനുവരി 4,5,6 തീയതികളിൽ ഉപവാസപ്രാർത്ഥന നടന്നു.

# ഡൽഹിയിൽ സംയുക്ത ആരാധന





**ഡൽഹി:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ഡൽഹി സെന്ററിൽ ഉൾപ്പെട്ട സഭകളുടെ സംയുക്ത സഭായോഗം ഡിസംബർ 17-ന് ഡാബ്രി മോർ എം.സി.സി കമ്മ്യൂണിറ്റി സെന്ററിൽവെച്ച് അനുഗ്രഹമായി നടന്നു. സഭയുടെ മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് മുഖ്യ സന്ദേശം നൽകി. കൂടാതെ പാസ്റ്റർമാരായ എം.ഡി. ശമുവേൽ, മാത്തുക്കുട്ടി കെ., ഏബ്രഹാം ദാനിയേൽ തുടങ്ങിയവരും പ്രസംഗിച്ചു. പാസ്റ്റർമാരായ ഈശോ മാത്യു, റെജി ചാക്കോ തുടങ്ങിയവർ നേതൃത്വം നൽകി. ജീവൻ പാർക്ക്, സിതാപുരി സഭകളാണ് ആതിഥേയത്വം വഹിച്ചത്. 800 ൽ അധികം വിശ്വാസികൾ സംബന്ധിച്ചു.

## ആവശ്യമുണ്ട്

ഓഫീസ് അസിസ്റ്റന്റ്/അക്കൗണ്ടന്റ്, അറ്റൻഡന്റ് തസ്തികകളിലേക്ക് യോഗ്യരായ 45 വയസ്സിനുമുകളിൽ പ്രായമുള്ള പുരുഷന്മാരെ ആവശ്യമുണ്ട്. ഡിഗ്രിയും റ്റാലിയിൽ പരിചയമുള്ള ശാരോൻ അംഗങ്ങൾക്ക് ഓഫീസ് അസിസ്റ്റന്റ്/അക്കൗണ്ടന്റ് തസ്തികയിലേക്ക് മുൻഗണന. എസ്.എസ്.എൽ.സി തത്തുല്യമായ വിദ്യാഭ്യാസമോ ഉള്ളവർക്ക് അറ്റൻഡന്റ് തസ്തികയിലേക്ക് അപേക്ഷിക്കാം.

**അപേക്ഷകൾ
അയയ്ക്കേണ്ട വിലാസം:
സെക്രട്ടറി ശാരോൻ
ഫെലോഷിപ്പ് ചർച്ച്,
പി.ബി. നമ്പർ-10,
തിരുവല്ല -689101
ഫോൺ : 0469-2607979**

## സുവിശേഷ യോഗം

കോതമംഗലം: കുത്തുകുഴി ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 9,10,11 തീയതികളിൽ സുവിശേഷ യോഗം നടക്കും. സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഷെമീർ കൊല്ലം, സാം തോമസ്, സുഭാഷ് കുമരകം എന്നിവർ പ്രസംഗിക്കും. ഡ്യൂലോസ് സിംഗേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ മണി കണ്ഠൻ നേതൃത്വം നൽകും.

# യുവ മുന്നേറ്റ യാത്ര



**കണ്ണൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ യുവ സുവിശേഷകരിൽ ചിലരുടെ നേതൃത്വത്തിൽ ഡിസംബർ 19, 20 തീയതികളിൽ കണ്ണൂർ ജില്ലയിലെ കതിരൂർ, തലശേരി, പിണറായി, കൂത്തുപറമ്പ്, കൊടിയേരി മേഖലകളിൽ സാമൂഹിക തിന്മകൾക്കെതിരെ പരസ്യയോഗങ്ങൾ നടന്നു. ശാരോൻ ഫെലോഷിപ്പ് മലബാർ റീജിയൻ മിനിസ്റ്റർ പാസ്റ്റർ മാത്യൂസ് ദാനിയേൽ ഉദ്ഘാടനം ചെയ്തു. വ്യത്യസ്ത രീതിയിൽ പ്രചരണ വാഹനം ക്രമീകരിച്ചുള്ള സന്ദേശയാത്ര പെന്തെക്കോസ്തു സമൂഹത്തിൽ വേറിട്ട അനുഭവം ആയിരുന്നു. വിവിധ കേന്ദ്രങ്ങളിൽ പാസ്റ്റർമാരായ ബിജു ജോസഫ്, ജോമോൻ ജോസഫ്, കെ.ജെ. ജോബ്, ബിനു ഏബ്രഹാം, റ്റി.വൈ. ജയിംസ്, സജോമോൻ ജോസ് തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ജോമോൻ ജോസഫ് നേതൃത്വം നൽകി. രണ്ടാമത് യുവജന മുന്നേറ്റ യാത്ര ജനുവരിയിൽ പെരുമ്പാവൂർ കേന്ദ്രമായി നടക്കും.

## ജനറൽ കൺവൻഷൻ

11-ാം പേജ് തുടർച്ച

ത്തെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അനേക മടങ്ങ് പ്രതിഫലം നൽകി ദൈവം അവർ ഓരോരുത്തരെയും അനുഗ്രഹിക്കേണ്ടതിനു പ്രാർത്ഥിക്കുന്നു. പൂർണ്ണമായ കണക്കുകൾ ചില ആഴ്ചകൾക്കുള്ളിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഉദാരമായി സംഭാവനകൾ നൽകിയ ഏവരോടും, പ്രത്യേകിച്ച് ഞായറാഴ്ച ഭക്ഷണത്തിന് സാമ്പത്തിക സഹകരണം ചെയ്ത കെനോഷ (ചിക്കാഗോ) സഭയോടും ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. സർവ്വോപരി, സർവ്വ കൃപാലുവായ ദൈവത്തിന് എല്ലാ മാനവും മഹത്വവും അർപ്പിക്കുന്നു.

കൺവൻഷൻ Seraphs Live Strearning തത്സമയം വെബാക്സ്റ്റ് ചെയ്തിരുന്നത് ദൂരെ ദേശങ്ങളിൽ ആയിരുന്ന അനേകർക്ക് അനുഗ്രഹമായിത്തീർന്നു. പ്രധാന യോഗങ്ങൾ യു-ട്യൂബ് വഴി വീക്ഷിക്കുവാൻ കഴിയുന്നതാണ്. കർത്താവിന്റെ വരവ് താമസിച്ചാൽ, അടുത്ത ജനറൽ കൺവൻഷൻ 2018 നവംബർ 26 തിങ്കൾ മുതൽ ഡിസംബർ 2 ഞായർ വരെ ദിവസങ്ങളിൽ നടത്തുന്നതിന് കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിട്ടുണ്ട്. നിങ്ങൾ ഏവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

സഭയുടെ ആത്മീകവും ഭൗതീകവുമായ എല്ലാ കാര്യങ്ങളിലും ദൈവീക അനുഗ്രഹങ്ങളും കരുതലും ലഭിക്കേണ്ടതിന് നമുക്ക് തുടർന്നും പ്രാർത്ഥിക്കാം. "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോബ് 5:16).

# നിങ്ങൾക്കറിയാമോ?

- ശാരോൻ ഫെലോഷിപ്പിന് എവിടെയെല്ലാം സഭകളുണ്ടെന്ന്?
- ലോകത്ത് എവിടെയുമുള്ള ശാരോൻ സഭാശുശ്രൂഷകന്മാരെ എങ്ങനെ പരിചയപ്പെടാമെന്ന്?

സഭകളുടെ സമ്പൂർണ്ണ വിവരങ്ങളുമായി

ഇപ്പോൾ ലഭ്യമാണ്




# ശാരോൻ ഡയറക്ടറി 2018

(ശാരോൻ സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരണം)

- ★ ശാരോൻ ഫെലോഷിപ്പിലെ എല്ലാ ശുശ്രൂഷകന്മാരുടെയും ഫോൺ നമ്പർ
- ★ റീജിയനും സെന്ററും തിരിച്ചുള്ള സഭാ വിവരങ്ങൾ
- ★ സഭയുടെ ചരിത്രവഴികൾ

Sharon Fellowship Sunday School Association
P.O. Box 94, Thiruvalla 689 101, Kerala, India, Ph: 0469-2607979
Email: sfssatiruvalla@gmail.com, www.sharonsundayschool.org

ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ കൗൺസിലിംഗ് വിഭാഗമായ

# തണൽ

ഒരുക്കുന്ന

# പ്രീ മാരിറ്റൽ കൗൺസിലിങ്ങ് കോഴ്സ്

ശിഥിലമാക്കപ്പെടുന്ന ആധുനിക കുടുംബബന്ധങ്ങൾക്കിടയിൽ ആരോഗ്യകരമായ ഒരു കുടുംബജീവിതം എങ്ങനെ പണിതുയർത്താം? വിവാഹത്തിന്റെ വിശുദ്ധി, ലക്ഷ്യം, കടപ്പാടുകൾ തുടങ്ങി വിവാഹത്തിന് മുൻപ് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെക്കുറിച്ച് ദൈവശാസ്ത്ര, മനശാസ്ത്ര വീക്ഷണത്തിൽ വിശകലനം ചെയ്യുന്ന ക്ലാസുകൾ



അപേക്ഷാ ഫോമുകൾ സഭകളിൽ എത്തിക്കുന്നതാണ്.

പ്രത്യേകതകൾ

- ക്രമീകൃത പാഠ്യപദ്ധതി
- പ്രഗത്ഭരായ കൗൺസിലേഴ്സും മെഡിക്കൽ ഡോക്ടർമാരും നയിക്കുന്ന ക്ലാസുകൾ
- കോഴ്സുകളിൽ പങ്കെടുക്കുന്നവർക്ക് അംഗീകൃത സർട്ടിഫിക്കറ്റുകൾ
- 16 വയസ്സ് മുതലുള്ള അവിവാഹിതർക്ക് പ്രവേശനം
- നിശ്ചിത ഫീസ് ഉണ്ടായിരിക്കുന്നതാണ്.

**ദ്വിദിന കോഴ്സ്** (9:00 am - 4:00 pm)

പ്രാരംഭമായി കേരളത്തിലെ 6 പ്രധാന കേന്ദ്രങ്ങളിൽ

തൃശൂർ, എറണാകുളം, തിരുവല്ല, കൊട്ടാരക്കര, തിരുവനന്തപുരം, അടിമാലി

കൂടുതൽ വിവരങ്ങൾക്ക് **98091 82333, 94478 61098**

SFC News VOL.3 | ISSUE 8 | 2018 JANUARY - FEBRUARY


# SHARON BIBLE COLLEGE

Disciplining to make Disciples

ACCREDITED BY ASIA THEOLOGICAL ASSOCIATION (ATA)

P.B. No. 10, TIRUVALLA - 689 101, KERALA, INDIA
Phone:0469-2607066 Fax: 2602605, , 9447592559
E-mail: sharonbctiruvalla@gmail.com

/sharonbiblecollege

പ്രത്യേകതകൾ: ● അനുഭവ സമ്പന്നരായ അദ്ധ്യാപകർ ● മികവാർന്ന ലൈബ്രറി
● പെന്തെക്കോസ്ത് കരിസ്മാറ്റിക് അടിസ്ഥാനത്തിലുള്ള ക്ലാസുകൾ
● പ്രത്യേക ഊന്നൽ നൽകിയുള്ള പ്രായോഗികപരിശീലനം ● സാമൂഹ്യസേവനത്തിൽ പങ്കാളിത്തം
● യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം ക്യാമ്പസ് ● തികഞ്ഞ ആത്മീയാന്തരീക്ഷം
● ഭക്ഷണവും താമസവും സൗജന്യം

| OFFERED COURSES | DURATION | MEDIUM | REQUIREMENTS |
|---|---|---|---|
| 1. Master of Divinity (M.Div) | 2/3 Years | English | Degree / B.Th in IInd Class |
| 2. Bachelor of Theology (B.Th.) | 3 Years | English | 10+2/ Equivalent |
| 3. Diploma in theology (Dip. Th.) | 3 Years | Malayalam | S.S.L.C. Passed |
| 4. Graduate in Theology (G.Th.) | 2 Years | Malayalam | S.S.L.C. |
| 5. Certificate in Theology (C.Th.) | 1 Year | Malayalam | S.S.L.C. |

# LIGHT FOR INDIA THEOLOGICAL SEMINARY

## Perumkadavila, Trivandrum

Equipping young men to be effective ministers of the Gospel since 1994

Accredited by INTERNATIONAL ASSOCIATION FOR THEOLOGICAL ACCREDITATION (IATA)



Salient Features:
- Spirit-filled and well-qualified faculty
- Serene atmospherefor prayer and study
- Ample opportunities for practical training
- Good Library facility
- Scholarships for deserving students

www.lightforindia.org

Next Batch Commences in June 2018

Limited Seats Only

| Courses Offered | Duration | Medium | Acad. Requirements |
|---|---|---|---|
| Master of Divinity (M.Div.) | 2/3 Years | English | B.Th./Degree |
| Bachelor of Theology (B.Th.) | 3 Years | English | Plus Two/Equivalent |
| Graduate in Theology (G.Th.) | 3 Years | English | SSLC Pass |
| Diploma in Theology (Dip.Th.) | 2 Years | English | SSLC Pass |
| Certificate in Theology (C.Th.) | 2 Years | English | No Requirements |

Contact Immediately:
The Registrar,
Light for India Bible College
Perumkadavila P.O.,
Trivandrum, Kerala 695124
Email: lightforindia@hotmail.com
Ph: 9446600945


Printed and published by Abraham Thomas for Sharon Fellowship Church, Tiruvalla. For Private Circulation only.
Printed at Evangel Press, Tiruvalla